JULY - DECEMBER 2024
VOLUME 8
ISSUE 2



# തീരസ്പന്ദനം

## കൊല്ലം തീരത്തിന്റെ ഹൃദയമിടിപ്പുകൾ

The Newsletter of Fishermen Community Development Programme (FCDP) &
Theeradesha Mahila Society (TMS), Pallithottam, Kollam. Reg Nos. Q.771/84; Q.1039/95

## എഡിറ്റോറിയൽ

തീരദേശ ജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കുന്ന സംഘടനകളുടെ (FCDP, TMS, FCDS, DBYF, DBCF) കഴിഞ്ഞ 6 മാസത്തെ പ്രവർത്തനങ്ങൾ നിങ്ങൾക്ക് സമർപ്പിക്കുന്നതിൽ വളരെയേറെ സന്തോഷമുണ്ട്.

സമൂഹത്തിന്റെ പുരോഗതിക്ക് മുഖ്യ പങ്കു വഹിക്കുന്ന തിൽ ഒരു ഘടകമായ സ്ത്രീശാക്തീകരണം ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നത്തിനും സ്ത്രീകളുടെ സംരംഭങ്ങൾക്ക് ശക്തിയും പിന്തുണയും നൽകുവാനും, വൈവിധ്യമാർന്ന വീക്ഷണങ്ങൾ, സർഗ്ഗാത്മകത, എന്നിവ അവരിൽ വളർത്തുവാനും WE-LivE, WE-Auto, WYEP എന്നീ പ്രൊജക്റ്റുകൾക്കും സാധിക്കുന്നുണ്ട്. വിദ്യാഭ്യാസത്തോടൊപ്പം തന്നെ കുട്ടികളുടെ കലാ കായിക അഭിരുചികൾ പരിപോഷിപ്പിക്കുന്നതിനായി ആരംഭിച്ച ഡോൺ ബോസ്കോ ഡാൻസ് ക്ലബ്ബ്, ഡോൺ ബോസ്കോ ആർട്സ് ക്ലബ്ബ് എന്നിവ FCDP യുടെ മികച്ച പുതിയ പദ്ധതികളായി കാണുന്നു. യുവാക്കളെയും കുട്ടികളെയും ശാക്തീകരിക്കുക, ക്രിയാത്മകചിന്ത വളർത്തുക, നീതിക്കുവേണ്ടി വാദിക്കുക, നല്ല സാമൂഹിക മാറ്റത്തിന് സംഭാവന ചെയ്യുക എന്നിവ വഴി ഒരു പുത്തൻ തലമുറയെ വളർത്തിയെടുക്കുവാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ഭാഗമാകുവാൻ സാധിച്ച തിൽ ഞങ്ങൾക്ക് ചാരുതാർഥ്യമുണ്ട്.

സ്ത്രീ ശാക്തീകരണത്തിന് പ്രാധാന്യം കൊടുത്ത് 17 സ്വയം തൊഴിൽ സംരംഭകരെ ഉൾപ്പെടുത്തികൊണ്ട് സംഘടിപ്പിച്ച ക്രിസ്തുമസ് മാർക്കറ്റ് ഫെസ്റ്റ് ഈ വർഷത്തെ സംഘടനയുടെ ഏറ്റവും മികച്ച പരിപാടികളിൽ ഒന്നായിരുന്നു.

FCDP- TMS - FCDS ന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രചോദനമായും സഹായമായും നിലകൊള്ളുന്ന നിങ്ങളെല്ലാവരെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. തുടർന്നുള്ള സംഘടനയുടെ പ്രവർത്തനങ്ങളിൽ എല്ലാവരുടെയും സഹകരണവും പ്രോത്സാഹനവും പ്രതീക്ഷിക്കുകയും ചെയ്യുന്നു.

**ആശംസകളോടെ**
**Rev. Fr. Jithin Sebastian SDB**
**ഡയറക്ടർ FCDP**

**ജൂലൈ 13, 2024**

## ഹാൻഡ് റൈറ്റിംഗ്, പെയിന്റിംഗ് മത്സരങ്ങൾ സംഘടിപ്പിച്ചു

FCDP യുടെ ആഭിമുഖ്യത്തിൽ തീരദേശത്തെ കുട്ടികളുടെ സമഗ്ര വളർച്ചയ്ക്കായി പ്രവർത്തിച്ചുവരുന്ന ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറം, എൽകെജി മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്കായി പെയിന്റിംഗ്, ഹാൻഡ് റൈറ്റിംഗ് എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു. പഠനത്തോടൊപ്പം കുട്ടികളുടെ കലാവാസനകൾ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് ഈ പരിപാടി സംഘടിപ്പിച്ചത്. FCDP ഹാളിൽ വെച്ച് നടത്തിയ പരിപാടിയിൽ രണ്ടിനങ്ങളിലും ആയി 80 ഓളം കുട്ടികൾ പങ്കെടുത്തു. ചിൽഡ്രൻസ് ഫോറം കോർഡിനേറ്റർ ശ്രീമതി ബിന്ദു ഹാരിസൺ നേതൃത്വം നൽകിയ പരിപാടിയിൽ ചിൽഡ്രൻസ് ഫോറം കോർഡിനേറ്റർമാരും FCDP സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു. കലാ- സാഹിത്യ വിഷയങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം വർധിപ്പിക്കുക എന്ന ചിൽഡ്രൻസ് ഫോറത്തിന്റെ ദൗത്യം മെച്ചപ്പെടുത്തുന്നതിന് ഇത്തരം പരിപാടികൾ സഹായകമാണ്.





**ജൂലൈ 14, 2024**

## വെള്ളിമണിൽ ജൈവ കൃഷിക്ക് തുടക്കമായി

FCDP യുടെ ആഭിമുഖ്യത്തിൽ WE-LivE പ്രോജെക്റ്റിന്റെ ഭാഗമായി വെള്ളിമണിൽ ജൈവ കൃഷിക്ക് തുടക്കമായി. ജൈവ കൃഷിയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് നാളത്തേക്കായി നല്ലൊരു ജീവിതശൈലി വളർത്തിയെടുക്കുന്നതിനെ ലക്ഷ്യം വെച്ചുകൊണ്ടാണ് പരിപാടി സംഘടിപ്പിച്ചത്. കൃഷി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട അടിസ്ഥാന കാര്യങ്ങളും നിലം ഒരുക്കുന്ന വിധത്തെപ്പറ്റിയും ശ്രീ. ജോയ് (റിട്ട. അസിസ്റ്റന്റ് കൃഷി ഓഫീസർ, കൊട്ടാരക്കര) ക്ലാസ്സ് നയിച്ചു. കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചും കുടുംബത്തിന് ശുദ്ധവും പോഷക സമ്പന്നവുമായ ഭക്ഷണം ലഭ്യമാക്കുന്നതിലെ ഗൗരവം ഉൾക്കൊള്ളിച്ചുകൊണ്ടാണ് ക്ലാസ്സ് നടത്തിയത്. ക്ലാസ്സിൽ 30 ഓളം സ്ത്രീകൾ പങ്കെടുത്തു. ജൈവകൃഷിയെ

EDITORIAL BOARD
CHIEF EDITOR
Rev. Fr. Jithin Sebastian
ASSOCCIATE EDITOR
Ms.Anna Saju
TEAM MEMBERS
Ms. Mereetta Roy, Ms. Berlin Berkumon & Mr. Tony Fredy

പ്രോത്സാഹിപ്പിക്കുന്നത് സുസ്ഥിരവും ആരോഗ്യകരവുമായ ഭാവിയിലേക്കുള്ള ചുവടുവയ്പാണ് എന്ന ബോധ്യം ഗ്രാമ പ്രദേശത്തെ സ്ത്രീകളിൽ ഉണ്ടാക്കിയെടുക്കുവാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കുന്നു.





**ജൂലൈ 17, 2024**

## വി– ഓട്ടോ : എട്ടാം ഘട്ട വിതരണം നടത്തി

ഫിഷർമെന്റ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ നേതൃത്വത്തിൽ സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായുള്ള വി- ഓട്ടോ പദ്ധതിയുടെ എട്ടാം ഘട്ട ഓട്ടോ വിതരണം FCDP ഓഫീസിൽ വച്ച് പള്ളിത്തോട്ടം പോലീസ് സ്റ്റേഷൻ SHO, ശ്രീ. ഷെഫീഖ് ബി ഫ്ലാഗ് ഓഫ് ചെയ്തു നിർവ്വഹിച്ചു. ശ്രീമതി ഡയാന, ശ്രീമതി ചിത്ര എന്നീ വനിതകൾക്കാണ് പുതുതായി വി- ഓട്ടോ പദ്ധതിയുടെ കീഴിൽ ഓട്ടോ നൽകിയത്. തീരദേശത്തെ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരുക, സ്ത്രീകളെ സാമ്പത്തികമായി സ്വതന്ത്രരാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. ശ്രീമതി ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) അധ്യക്ഷത വഹിച്ച ചടങ്ങിൽ ഫാ. തോമസ് (അസിസ്റ്റന്റ് വികാരി സെന്റ് സ്റ്റീഫൻ ചർച്ച് തോപ്പ്), ഡോ. സിന്ദാ മെൻഡസ് (ബോർഡ് മെമ്പർ, FCDP), ശ്രീ. ആഷിക് (മാനേജർ, പിയാജിയോ) എന്നിവർ ആശംസകൾ അറിയിച്ചു. ശ്രീ. ടോമി ജോസഫ് (ബോർഡ് അംഗം, FCDP), ശ്രീ. ഫ്രെഡി (ബോർഡ് അംഗം, FCDP), ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FC-DP-TMS), സിസ്റ്റർ. മേരി കെ (അസിസ്റ്റന്റ്. ഡയറക്ടർ TMS), തുടങ്ങിയവരും സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു.





**ജൂലൈ 21, 2024**

## ജൈവ കൃഷിക്ക് തുടക്കം കുറിച്ചു – പള്ളിത്തോട്ടം

FCDP യുടെ ആഭിമുഖ്യത്തിൽ WE-LivE പ്രോജെക്റ്റിന്റെ ഭാഗമായി പള്ളിത്തോട്ടം ഏരിയയിൽ ജൈവ കൃഷിക്ക് തുടക്കം കുറിച്ചു. ജൈവ കൃഷിയിലൂടെ ആരോഗ്യപരമായ ജീവിതശൈലി വ്യക്തികളിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പരിപാടി സംഘടിപ്പിച്ചത്. കൃഷി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട അടിസ്ഥാന കാര്യങ്ങളും നിലം ഒരുക്കുന്ന വിധത്തെപ്പറ്റിയും കുമാരി ബെർലിൻ (കോർഡിനേറ്റർ, WE-AUTO) ക്ലാസ്സ് നയിച്ചു. സി. മേരി കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS) എല്ലാവർക്കും ആശംസകൾ നേർന്നു. കുമാരി അന്ന സാജു (കോർഡിനേറ്റർ, WE-LivE) ക്ലാസ്സിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചു. ക്ലാസ്സ് 4 മണിയോടെ കൂടി അവസാനിച്ചു.





**ജൂലൈ 22, 2024**

## പച്ചക്കറി തൈ വിതരണം

FCDPയുടെ ആഭിമുഖ്യത്തിൽ WE-LivE പ്രോജെക്റ്റിന്റെ ഭാഗമായി വെള്ളിമണ്ണിൽ പച്ചക്കറി തൈയും, ജൈവവളവും വിതരണം ചെയ്തു. അതൊടൊപ്പം സ്ത്രീകൾക്കായി ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു. ക്ലാസ് നയിച്ചത് പെരിനാട് കൃഷി ഓഫീസർ ശ്രീമതി അഞ്ജനയാണ്. ജൈവ കൃഷിയെ ഒരു അടുക്കളത്തോട്ടത്തിൽ മാത്രം ഒതുക്കാതെ സംരംഭം എന്ന തലത്തിലേക്ക് എത്തിക്കുന്നതിനു വേണ്ടിയുള്ള പ്രോത്സാഹനവും നൽകി. വിവിധ വിളകളുടെ വിളവെടുപ്പിനെക്കുറിച്ചും അതിനെ എങ്ങനെ ക്ഷുദ്രജീവികളിൽ നിന്ന് സംരക്ഷിക്കാം എന്ന് വിശദീകരിക്കുകയും ചെയ്തു. ശ്രീമതി ലക്റ്റീഷ്യ മാർട്ടിൻ (പ്രസിഡന്റ്, TMS) അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ, ശ്രീമതി അഞ്ജന സ്ത്രീകൾക്ക് പച്ചക്കറി തൈയും വളവും വിതരണം ചെയ്തു. 30 ഓളം സ്ത്രീകൾ പങ്കെടുത്ത ചടങ്ങിൽ കുമാരി അന്ന സാജു (കോർഡിനേറ്റർ, WE-LivE) നന്ദി അറിയിച്ചു.





**ജൂലൈ 23, 2024**

## പച്ചക്കറി തൈ വിതരണം

FCDP യുടെ ആഭിമുഖ്യത്തിൽ WE-LivE പ്രോജെക്റ്റിന്റെ ഭാഗമായി സ്ത്രീകൾക്ക് പച്ചക്കറി തൈകളും, ജൈവവളവും വിതരണം ചെയ്തു. വിതരണത്തോടനുബന്ധിച്ച് സ്ത്രീകൾക്കായി ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു. ക്ലാസ് നയിച്ചത് കൊല്ലം കൃഷി ഓഫീസർ ശ്രീ. പ്രകാശാണ്. കൃഷി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, നിലമൊരുക്കേണ്ട വിധം, വിവിധ വിളകളുടെ വിളവെടുപ്പ് അതിനെ എങ്ങനെ ക്ഷുദ്രജീവികളിൽ നിന്ന് സംരക്ഷിക്കാം എന്നിവ വിശദീകരിക്കുകയും ചെയ്തു. ശ്രീമതി ഗ്രെറ്റ രാജു (എക്സിക്യൂട്ടീവ് മാനേജർ, FCDP) ആശംസ അറിയിച്ചു. ചടങ്ങിൽ, ശ്രീ. പ്രകാശ് സ്ത്രീ

കൾക്ക് പച്ചക്കറി തൈകളും വളവും വിതരണം ചെയ്തു. 20 ഓളം സ്ത്രീകൾ പങ്കെടുത്ത ചടങ്ങിൽ ശ്രീ. സജീവ് കുമാർ (അസിസ്റ്റന്റ്. കൃഷി ഓഫീസർ), സിസ്റ്റർ. മേരി കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS), കുമാരി അന്ന സാജു (കോർഡിനേറ്റർ, WE-LivE), FCDP-TMS സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.





**ജൂലൈ 25, 2024**

## FCDP ചെയർപേഴ്സൺ ആഗ്നസ് ജോൺന്റെ ജന്മദിനം ആഘോഷിച്ചു

FCDP-TMS കുടുംബം 2024 ജൂലൈ 25-ന് ശ്രീമതി ആഗ്നസ് ജോൺന്റെ ജന്മദിനം ആഘോഷിച്ചു. ടീച്ചർ സംഘടനയ്ക്കു നൽകുന്ന നിസ്വാർത്ഥ സേവനത്തിനും സംഘടനയുടെ പ്രവർത്തനങ്ങൾക്കുള്ള പിന്തുണയ്ക്കും നന്ദി അറിയിച്ചു. വരും വർഷങ്ങളിൽ ടീച്ചർക്ക് നല്ല ആരോഗ്യവും സന്തോഷവും നേരുകയും ചെയ്തു.





**ജൂലൈ 27, 2024**

## ഡെങ്കിപ്പനി – ബോധവത്കരണ ക്ലാസ് നടത്തി

കൊല്ലം ബിഷപ്പ് ബെൻസിഗർ നഴ്സിംഗ് കോളേജിന്റെ സഹകരണത്തോടെ FCDP, ജൂലൈ 27ന് FCDP ഹാളിൽ വെച്ച് ഡെങ്കിപ്പനി ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. ഏകദേശം 60 വ്യക്തികൾ പങ്കെടുത്ത ക്ലാസ്സിൽ ഡെങ്കിപ്പനിയുടെ കാരണങ്ങളെക്കുറിച്ചും രോഗലക്ഷണങ്ങളെക്കുറിച്ചും പ്രതിരോധ മാർഗങ്ങളെക്കുറിച്ചും കൊതുകു നിവാരണത്തിന്റെയും നേരത്തെയുള്ള കണ്ടെത്തലിന്റെയും പ്രാധാന്യം ഊന്നി പറഞ്ഞുകൊണ്ട് ശ്രീമതി ശ്രീലക്ഷ്മി, ശ്രീമതി ഷംസിയ എന്നിവർ ക്ലാസ് നയിച്ചു. ഡെങ്കിപ്പനിയുടെ വകഭേദങ്ങളായ ഡെങ്കി ഹെമറാജിക് ഫീവർ, ഡെങ്കി ഷോക്ക് സിൻഡ്രോം എന്നിവയും ചർച്ച ചെയ്തു. രോഗം പരത്തുന്നതിൽ ഈഡിസ് കൊതുകിന്റെ പങ്കിനെക്കുറിച്ചും പ്രജനന കേന്ദ്രങ്ങൾ എങ്ങനെ ഇല്ലാതാക്കാം എന്നതിനെക്കുറിച്ചും ക്ലാസ്സിൽ വിശദീകരിച്ചു. ഡെങ്കിപ്പനിയുടെ കൃത്യമായ രോഗനിർണയം, ചികിത്സ, പ്രതിരോധം എന്നിവ ക്ലാസിൽ ഉൾപ്പെടുത്തിയിരുന്നു. കൂടാതെ, ഡെങ്കിപ്പനി ബാധിച്ചവർക്ക് മനസ്സാന്ത്വനവും പരിചരണവും നൽകേണ്ടതിന്റെ ആവശ്യകതയും ആരോഗ്യപ്രവർത്തകരുടെയും സാമൂഹിക സംഘടനകളുടെയും പങ്കും ചർച്ച ചെയ്തു. സമൂഹത്തിൽ ഡെങ്കിപ്പനിക്കെതിരെ പോരാടുന്നതിന് വ്യക്തികളെ ബോധവൽക്കരിക്കുകയും ശാക്തീകരിക്കുകയും ചെയ്യുക എന്നതായിരുന്നു ക്ലാസിന്റെ ലക്ഷ്യം.





**ഓഗസ്റ്റ് 1, 2024**

## കേക്ക് ബേക്കിംഗ് ക്ലാസ് നടത്തി

FCDPയുടെ കീഴിലുള്ള WYEP പ്രോജക്ടിന്റെ ഭാഗമായി റോട്ടറി ഓഫ് ക്ലബ് ക്വയിലോൺ ഹെറിറ്റേജിന്റെ സഹകരണത്തോടെ 2024 ഓഗസ്റ്റ് 1 ന് FCDP ഹാളിൽ ത്രിദിന കേക്ക് ബേക്കിംഗ് ക്ലാസ് നടത്തി. സി. മേരി കെ (അസി. ഡയറക്ടർ, TMS) ചടങ്ങിൽ പങ്കെടുത്തവർക്ക് സ്വാഗതം പറഞ്ഞു. ശ്രീമതി ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) ചടങ്ങിൽ അധ്യക്ഷത വഹിക്കുകയും, നൈപുണ്യ വികസനത്തിലൂടെ സ്ത്രീകളെ ശാക്തീകരിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊണ്ട് സംസാരിക്കുകയും ചെയ്തു. ഡോ. മീര ജോൺ (ജില്ലാ പ്രോജക്ട് കോർഡിനേറ്റർ, റോട്ടറി ക്ലബ് ഓഫ് ക്വയിലോൺ ഹെറിറ്റേജ്) ഉദ്ഘാടന കർമ്മം നിർവഹിച്ചു. ശ്രീ. അജിത് കുമാർ (അസിസ്റ്റന്റ് ഗവർണർ, റോട്ടറി ക്ലബ് ഓഫ് ക്വയിലോൺ ഹെറിറ്റേജ്), ഡോ. അനിരുദ്ധൻ കെ. (പ്രസിഡന്റ്, റോട്ടറി ക്ലബ് ഓഫ് ക്വയിലോൺ ഹെറിറ്റേജ്), ശ്രീമതി. ലക്റ്റീഷ്യ മാർട്ടിൻ (പ്രസിഡന്റ്, TMS) എന്നിവർ സാമ്പത്തികമായി സ്ത്രീകൾ സ്വതന്ത്രരാകേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചു സംസാരിച്ചു. നൈപുണ്യ വികസനത്തിലൂടെയും സംരംഭകത്വത്തിലൂടെയും സ്ത്രീ ശാക്തീകരണം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സംഘടിപ്പിച്ച ഈ പരിപാടിയിൽ ശ്രീമതി മിനി മേരി (കോർഡിനേറ്റർ, TMS) നന്ദി രേഖപ്പെടുത്തി.





**ഓഗസ്റ്റ് 4, 2024**

## ഡോൺ ബോസ്കോ യൂത്ത് ഫോറം പ്രകൃതി സംരക്ഷണ ദിനാചരണം നടത്തി

പ്രകൃതി സംരക്ഷണ ദിനത്തോട് അനുബന്ധിച്ച്, പരിസ്ഥിതി പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് യുവാക്കൾക്കിടയിൽ അവബോധവും ഇടപെടലും വളർത്തുക എന്ന ലക്ഷ്യത്തോട് കൂടി ഡോൺ ബോസ്കോ യൂത്ത് ഫോറം (DBYF) അംഗങ്ങൾ FCDP ഹാളിൽ സംഗമം നടത്തി. മാസ്റ്റർ സാബു എല്ലാ യുവജനങ്ങളെയും പരിപാടിയിലേക്ക് സ്വാഗതം ചെയ്തു. പരിപാടിയിൽ പ്രകൃതി നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും അവയുടെ അടിസ്ഥാന കാരണങ്ങളെക്കുറിച്ചും ഈ വിഷയത്തിൽ യുവാക്കളുടെ പങ്കാളിത്തം എങ്ങനെ ഉറപ്പുവരുത്താം എന്നും ചർച്ച ചെയ്യുന്നതിനും വേദിയൊരുക്കി. വിവിധ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് യൂത്ത് അംഗങ്ങൾ സജീവമായ ചർച്ചയിൽ

ഏർപ്പെടുകയും കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിൽ യുവാക്കളുടെ ഇടപെടൽ, അമ്മയായ പ്രകൃതിയെ സംരക്ഷിക്കുന്നതിനുള്ള തന്ത്രങ്ങൾ, മലിനീകരണം, പ്രകൃതി ദുരന്തങ്ങൾ, ശുദ്ധമായ അന്തരീക്ഷത്തിനായുള്ള നൂതനമായ തുടക്കങ്ങൾ തുടങ്ങിയ വിഷയങ്ങൾ അവർ വിശകലനം ചെയ്കയും ചെയ്തു. കൂടാതെ, ഈ നിർണായക വിഷയങ്ങളിൽ അവരുടെ കാഴ്ചപ്പാടുകൾ വ്യക്തമാകുന്നതിനും അഭിപ്രായങ്ങൾ അവതരിപ്പിക്കുന്നതിനുമായി സ്പോട്ട് സ്പീച്ച് മത്സരം നടത്തി. മീറ്റിംഗുകളിൽ അംഗങ്ങളുടെ കഴിവുകൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പവർപോയിന്റ് അവതരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനവും, മീറ്റിംഗിൽ ഉൾപ്പെടുത്തി. ഈ സെഷനുകൾ വിജയകരമായി നടത്തുന്നതിന് യൂത്ത് കോർഡിനേറ്റർമാരായ ഐശ്വര്യ ക്ലീറ്റസ്, ബെർലിൻ ബെർക്ക്മെൻ എന്നിവർ പരിപാടിയിൽ ഉടനീളം വിലപ്പെട്ട മാർഗനിർദേശങ്ങൾ നൽകി. ഈ യോഗം, യുവാക്കൾക്ക് മാത്രമല്ല, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ സമൂഹത്തെ പങ്കാളികളാക്കാൻ പ്രചോദനമാകുമെന്ന് കോർഡിനേറ്റർമാർ പ്രത്യാശ പ്രകടിപ്പിച്ചു. സജീവമായ പങ്കാളിത്തത്തിനും സംഭാവനകൾക്കും എല്ലാ യൂത്ത് അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് കുമാരി റോഷൽ യോഗം അവസാനിപ്പിച്ചു.





**ഓഗസ്റ്റ് 5, 2024**

## കേക്ക് ബേക്കിംഗ് സർട്ടിഫിക്കറ്റ് വിതരണ ചടങ്ങ് നടത്തി

WYEP പ്രോജക്റ്റിന്റെ ഭാഗമായുള്ള ത്രിദിന കേക്ക് ബേക്കിംഗ് ക്ലാസ്സിന്റെ സമാപന ചടങ്ങും സർട്ടിഫിക്കറ്റ് വിതരണവും 2024 ഓഗസ്റ്റ് 5 ന് FCDP ഹാളിൽ വെച്ച് നടന്നു. വിദ്യാർത്ഥികൾ കേക്ക് ബേക്കിംഗ് പാചകത്തിലുള്ള അവരുടെ ആകർഷകമായ കഴിവുകളും സർഗ്ഗാത്മകതയും പ്രദർശിപ്പിച്ചത് പരിപാടിയിൽ പങ്കെടുത്തവരെ വിസ്മയിപ്പിച്ചു. സി. മേരി കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS) ചടങ്ങിൽ പങ്കെടുത്തവരെ സ്വാഗതം ചെയ്യുകയും അവരുടെ കഴിവുകളും സർഗ്ഗാത്മകതയും പുറത്തെടുക്കാൻ സ്ത്രീകളെ ശാക്തീകരിക്കുന്നതിൽ പദ്ധതിയുടെ പ്രാധാന്യം എടുത്തു പറയുകയും ചെയ്തു. ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-TMS) പങ്കെടുത്ത വിദ്യാർത്ഥികളെ അവരുടെ കഠിനാധ്വാനത്തെയും അർപ്പണബോധത്തെയും അഭിനന്ദിച്ചുകൊണ്ട് സംസാരിക്കുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയുകയും ചെയ്തു. കേക്ക് ബേക്കിങ് ക്ലാസുകൾക്ക് നേതൃത്വം നൽകിയത് ട്രെയ്നർ ശ്രീമതി റോഷ്ന ജാക്സൺ ആയിരുന്നു. ശ്രീമതി ഗ്രെറ്റ രാജു (എക്സിക്യൂട്ടീവ് മാനേജർ, FCDP) പരിപാടി മികച്ച വിജയമാക്കുന്നതിൽ സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. സ്ത്രീ ശാക്തീകരണത്തിനും വ്യക്തിത്വ വികസനത്തിനും ഒരു മാറ്റമാവുന്ന ഈ പദ്ധതിയുടെ ഭാഗമായത് പങ്കെടുത്തവർക്കും സംഘടനയ്ക്കും അഭിമാനകരമായ ഒരനുഭവമായി.





**ഓഗസ്റ്റ് 10, 2024**

## യുവനേതാക്കളെ ശാക്തീകരിക്കൽ: പരിസ്ഥിതി അവബോധം യോഗം സംഘടിപ്പിച്ചു

ഡോൺ ബോസ്കോ യൂത്ത് ഫോറം FCDP ഹാളിൽ സംഘടിപ്പിച്ച പരിസ്ഥിതി ബോധവത്കരണ പരിപാടി വിജയകരമായി പൂർത്തിയായി. വയനാട്ടിലെ സമീപകാല പാരിസ്ഥിതിക പ്രതിസന്ധികളിലും സംരക്ഷണത്തിലും പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് മലിനീകരണം, പ്രകൃതി ദുരന്തങ്ങൾ എന്നിവയെക്കുറിച്ച് നടന്ന ചർച്ചകളിൽ ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറവും പങ്കാളികളായി. വൈവിധ്യമാർന്ന ഗ്രൂപ്പ് ചർച്ചകളിലൂടെയും പ്രവർത്തനശീലങ്ങളിലൂടെയും വ്യത്യസ്ത പരിസ്ഥിതി പ്രശ്നങ്ങൾക്കുള്ള പരിഹാര മാർഗങ്ങൾ ഉന്നയിക്കപ്പെട്ടു. യുവജനങ്ങൾ താങ്കളുടെ അഭിപ്രായങ്ങൾ പവർപോയിന്റ് അവതരണങ്ങളായി സൃഷ്ടിക്കുകയും അവരുടെ അറിവ്, നേതൃത്വ കഴിവുകൾ എന്നിവ വികസിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. യൂത്ത് ഫോറം കോർഡിനേറ്റർമാരായ ഐശ്വര്യ ക്ലീറ്റസ്, ബെർലിൻ ബെർക്ക്മെൻ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.





**ഓഗസ്റ്റ് 26, 2024**

## ഡോൺ ബോസ്കോ യൂത്ത് ഫോറം അംഗത്വ ദിനവും FCDP വാർഷിക റിപ്പോർട്ട് പ്രകാശനവും

26/08/2024 ഉച്ചയ്ക്ക് 2.30 മണിക്ക് FCDP യുടെ യൂത്ത് വിംഗും ജൂനിയർ യൂത്ത് വിംഗും ആയ ഡോൺ ബോസ്കോ യൂത്ത് ഫോറവും ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറവും അംഗത്വ ദിനത്തോടൊപ്പം 2023-24 വർഷത്തെ വാർഷിക റിപ്പോർട്ട് പ്രകാശനവും നടത്തി. 26/08/2024 ഉച്ചക്ക് 2:30 മണിക്ക് FCDP ഹാളിൽ ഔദ്യോഗിക ചടങ്ങുകളോടെ ആരംഭിച്ച ആഘോഷ പരിപാടികൾ സെന്റ് അലോഷ്യസ് ഹയർ സെക്കൻഡറി സ്കൂൾ പ്രഥമ അധ്യാപകൻ ശ്രീ. സന്തോഷ് കുമാർ തിരികൊളുത്തി ഉദ്ഘാടനം ചെയ്തു. FCDP ചെയർപേഴ്സൺ ആഗ്നസ് ജോൺ അധ്യക്ഷത വഹിച്ച ചടങ്ങ് ഡോൺ ബോസ്കോ കോസ്റ്റൽ ഫോറത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് ഫാ. ജിതിൻ സെബാസ്റ്റ്യന്റെ (ഡയറക്ടർ, FCDP-TMS) ആമുഖ പ്രസംഗത്തോടെ ആരംഭിച്ചു. TMS പ്രസിഡന്റ് ശ്രീമതി ലറ്റീഷ്യ മാർട്ടിൻ, സിസ്റ്റർ ആനി ജോസഫ് (സുപ്പീരിയർ, സ്നേഹകിരൺ

കോൺവെന്റ്) എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. കുമാരി ശീതൾ പരിപാടിയിൽ പങ്കെടുത്ത വിശിഷ്ട വ്യക്തികളെ സ്വാഗതം ചെയ്യുകയും കുമാരി അലോണ വിശിഷ്ട വ്യക്തികൾക്ക് നന്ദി അർപ്പിക്കുകയും ചെയ്തു. ഔദ്യോഗിക ചടങ്ങുകൾക്ക് ശേഷം ഡോൺ ബോസ്കോ കോസ്റ്റൽ ഫോറം അംഗങ്ങളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി. പരിപാടിയിൽ 150-ൽ പരം യുവ ജനങ്ങളും കുട്ടികളും പങ്കെടുത്തു. DBYF-DBCF ആനിമേറ്റഴ്സ്, പ്രോജക്ട് സ്റ്റാഫ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.





## ഓഗസ്റ്റ് 28, 2024

## ഡോൺ ബോസ്കോ ഡാൻസ് ക്ലബ് ഉദ്ഘടനവും ലോഗോ പ്രകാശനവും

FCDP സംഘടനയുടെ ആഭിമുഖ്യത്തിൽ ഡോൺ ബോസ്കോ കോസ്റ്റൽ ഫോറത്തിനോട് അനുബന്ധിച്ച് 28/08/2024 ഉച്ചയ്ക്ക് 2.30 മണിക്ക് FCDP ഹാളിൽ വെച്ച് ഡോൺ ബോസ്കോ ഡാൻസ് ക്ലബ് ഉദ്ഘടന കർമ്മവും ലോഗോ പ്രകാശനവും ശ്രീമതി ജ്യോത്സ്ന ജോസഫ് (പെർഫോമിങ് ആർട്ടിസ്റ്റ് ഇൻ ബാംഗ്ലൂർ, ഡാൻസ് ഇൻസ്ട്രക്ടർ, കൊറിയോഗ്രാഫർ) നിർവഹിച്ചു. DBCF കോർഡിനേറ്റർ ശ്രീമതി ബിന്ദു ഹാരിസൺ ചടങ്ങിൽ പങ്കെടുത്ത എല്ലാർക്കും സ്വാഗതം ആശംസിച്ചു .FCDP ചെയർപേഴ്സൺ ശ്രീമതി ആഗ്നസ് ജോൺ അധ്യക്ഷത വഹിച്ച ചടങ്ങിൽ FCDP യുടെ യൂട്യൂബ് ചാനലായ കോസ്റ്റൽ ഡയറീസിൽ നിരവധി മോട്ടിവേഷണൽ വീഡിയോകൾ ചെയ്ത ശ്രീമതി സീന ഗോപിനാഥനെ (അസോസിയേറ്റ് പ്രൊഫസർ, ശ്രീ നാരായണ കോളേജ് ഫോർ വിമൺസ്) സംഘടനയോടുള്ള സേവനത്തിനും പ്രതിബദ്ധതയ്ക്കും നന്ദി സൂചകമായി പൊന്നാട അണിയിച്ചു ആദരിച്ചു. ഡോൺ ബോസ്കോ ഡാൻസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു കൊണ്ട് ഫാ. ജിതിൻ സെബാസ്റ്റ്യന്റെ (ഡയറക്ടർ, FCDP, TMS, FCDS, DBYF, DBCF) ആമുഖ പ്രസംഗത്തോടെ ആരംഭിച്ച ചടങ്ങിൽ സി. മേരി കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS) ആശംസകൾ അറിയിച്ചു. പഠനത്തോടൊപ്പം കുട്ടികളുടെ കലാവാസന വളർത്തിയെടുക്കുകയും നൃത്തത്തിൽ കഴിവും താല്പര്യമുള്ള കുട്ടികൾക്ക് അത് തുടരുന്നതിനും പരിശീലിക്കുന്നതിനുള്ള അവസരം ഒരുക്കുക എന്നതാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമാക്കുന്നത്. അതിനുള്ള ആദ്യ ചുവടുവെപ്പാണ് ഡോൺ ബോസ്കോ ഡാൻസ് ക്ലബ്. ഡോൺ ബോസ്കോ ഡാൻസ് ക്ലബ് അംഗം കുമാരി അഞ്ജന ഏബൽ ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും കൃതജ്ഞത അറിയിച്ചു. 40 ഓളം ഡാൻസ് ക്ലബ് അംഗങ്ങളും, DBYF DBCF അംഗങ്ങളും, FCDP TMS സ്റ്റാഫ് അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു. പരിപാടിയോട് അനുബന്ധിച്ച് ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറം, ഡോൺ ബോസ്കോ യൂത്ത് ഫോറം, ഡോൺ ബോസ്കോ ഡാൻസ് ക്ലബ് അംഗങ്ങളുടെ വിവിധ നൃത്ത പരിപാടികൾ അരങ്ങേറി.





## ഓഗസ്റ്റ് 31, 2024

## നേതൃത്വ പരിശീലന ക്ലാസ് നടന്നു

FCDPയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 31 ന് നേതൃത്വ പരിശീലന ക്ലാസ് നടന്നു. 50 അംഗങ്ങൾ പങ്കെടുത്ത പരിപാടിയിൽ പ്രത്യുൽപാദന ആരോഗ്യവും ശുചിത്വവും, ആർത്തവ ആരോഗ്യ വിഷയങ്ങൾ, സ്തനാർബുദ ബോധവൽക്കരണം, പോഷകാഹാരവും ഭക്ഷണക്രമവും, സ്ട്രെസ് മാനേജ്മെന്റ്, നേതൃപാടവം തുടങ്ങിയ അവശ്യ വിഷയങ്ങളെ കുറിച്ച് ശ്രീമതി ജ്യോതി ലക്ഷ്മിയും സംഘവും സംസാരിച്ചു. അറിവും വൈദഗ്ധ്യവും ആത്മവിശ്വാസവും ഉള്ള സ്ത്രീകളെ അവരുടെ ആരോഗ്യത്തിനും ക്ഷേമത്തിനും ഒപ്പം സമൂഹത്തിൽ നേതൃത്വപരമായ സ്ഥാനങ്ങൾ ഏറ്റെടുക്കുന്നതിന് അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിശീലനം സംഘടിപ്പിച്ചത്. സംവേദനാത്മക സെഷനിൽ ഗ്രൂപ്പ് ചർച്ചകൾ, അവതരണങ്ങൾ, ഹാൻഡ്-ഓൺ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി കൊണ്ട് ആരോഗ്യകരവും അറിവ് പ്രദാനം ചെയുന്ന രീതിയിൽ ആണ് ക്ലാസ്സ്സംഘടിപ്പിച്ചത്. കൂടാതെ, സമൂഹത്തിൽ സ്ത്രീകളുടെ ഇടപഴകൽ, അവകാശങ്ങൾക്കായുള്ള പോരാട്ടം, ആത്മവിശ്വാസവും ആത്മാഭിമാനവും വളർത്തിയെടുക്കൽ എന്നിവയിൽ പരിശീലനം നൽകാൻ ക്ലാസുകൾ ഉപകാരപ്രദമായിരുന്നു.





## സെപ്റ്റംബർ 2, 2024

## ബ്യൂട്ടീഷൻ കോഴ്സ് ഉദ്ഘാടന കർമ്മം നിർവഹിച്ചു

WE-LivE പ്രോജക്റ്റിന്റെ ഭാഗമായി FCDP യുടെയും റോട്ടറി ക്ലബ് ഓഫ് കൊയിലോൺ ഈസ്റ്റിന്റെയും ജന ശിക്ഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി ആരംഭിക്കാൻ പോകുന്ന ബ്യൂട്ടീഷൻ കോഴ്സിൻറെ ഉദ്ഘാടന കർമ്മം ഡോ. മീര ജോൺ (ഡിസ്ട്രിക് പ്രൊജക്റ്റ് ചെയർപേഴ്സൺ, ഉയരെ) നിർവഹിച്ചു. ശ്രീമതി ബിന്ദു ഹാരിസൺ (കോഡിനേറ്റർ, FCDP) ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ശ്രീമതി ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) അധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീ. വിപിൻ കുമാർ (അസിസ്റ്റന്റ് ഗവർണർ, Zone 15), ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP - TMS), ശ്രീമതി ഉഷാറാണി (ഡയറക്ടർ ഇൻ ചാർജ് , JSS, കൊല്ലം), ശ്രീ. കിഷോർ കുമാർ (പ്രസിഡന്റ് , ഈസ്റ്റ് റൊട്ടറി ക്ലബ് ഓഫ് ക്വിലോൺ), സി.

മേരി കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS), എന്നിവർ ആശംസ അറിയിച്ചു. ശ്രീമതി മിനി മേരി (കോഡിനേറ്റർ, TMS) ചടങ്ങിൽ പ ങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചു. പ്രോജക്റ്റിന്റെ തുടർ പ്രവർത്തനങ്ങളായി മറ്റു തൊഴിൽമുഖമായ കോഴ്സുകൾ സംഘ ടിപ്പിക്കാനുള്ള പദ്ധതികളും പ്രഖ്യാപിച്ചു.





## സെപ്റ്റംബർ 25, 2024

## ഹോം കെയർ ഉൽപ്പന്നങ്ങളുടെ നിർമാണ പരിശീലന ക്ലാസ്സ് നടത്തി

സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി FCDP യുടെയും കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെയും സഹകരണത്തോടെ 3 ദിവസത്തെ ഹോം കെയർ ഉൽപ്പന്നങ്ങളുടെ നിർമാണ പരിശീലന ക്ലാസ്സ് മീനമ്പലം SNDP ഹാളിൽ ആരംഭിച്ചു. ശ്രീമതി ലത രാജൻ (ഫാക്കൽറ്റി, റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം) ക്ലാസ്സ് നയിച്ചു. ഇത്തരം പരിശീലനങ്ങൾ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, അവയുടെ ഉൽപ്പാദനം, ഗുണനിലവാര നിയന്ത്രണം, എന്നിവയിൽ കഴിവുകൾ വികസിപ്പിക്കാൻ സ്ത്രീകളെ പ്രാപ്തരാക്കുന്നതിലൂടെ സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യം നേടാനും അവരുടെ കുടുംബത്തിന്റെ ഉപജീവനമാർഗം മെച്ചപ്പെടുത്താനും കഴിയും. ഇത്തരം സംരംഭങ്ങൾ സ്ത്രീ ശാക്തീകരണത്തിനും സുസ്ഥിര വരുമാനത്തിനുള്ള അവസ രങ്ങൾ നൽകുന്നതിനും സ്വാശ്രയത്വം, സർഗ്ഗാത്മകത, പ്രാദേശിക സമ്പദ്‌വ്യവസ്ഥയിലെ പങ്കാളിത്തം എന്നിവ പ്രോത്സാഹിപ്പിക്കുന്നതി നും പ്രധാനമാണ്. ക്ലാസ്സിന്റെ ഭാഗമായി ആദ്യ ദിവസം, ടോയ്‌ലറ്റ് ക്ലീനർ, വാഷിംഗ് പൗഡർ, ഫ്ലോർ ക്ലീനർ, ഹാൻഡ് വാഷ് എന്നിവ ഉണ്ടാക്കി.





## സെപ്റ്റംബർ 26, 2024

## ഗ്രൂപ്പ്മാനേജ്മെന്റ് ക്ലാസ്സ് സംഘടിപ്പിച്ചു

വനിതാ സംരംഭകർക്കായി ഗ്രൂപ്പ് ഗ്രൂപ്പ്മാനേജ്മെന്റ് ക്ലാസ് 2024 സെപ്റ്റംബർ 26-ന് മീനമ്പലം SNDP ഹാളിൽ ന ടത്തി. ഗ്രൂപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള ക്ലാസ്സിൽ ഗ്രൂപ്പ്ഡൈനാമിക്സ്, നേതൃത്വ പാടവം, പ്രശ്ന പരി ഹാരം പാടവം തുടങ്ങിയ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. സെഷൻ കൈകാര്യം ചെയ്തത് അഡ്വ. അലൻ പ്ലാസിഡ് ആണ്. ഗ്രൂപ്പിൽ പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്തൊക്കെ യാണെന്നും അത് എങ്ങനെ തരണം ചെയ്യാമെന്നും അദ്ദേഹം വിശദീ കരിച്ചു. ക്ലാസ്സിൽ 32-ഓളം സ്ത്രീകൾ പങ്കെടുത്തു.





## സെപ്റ്റംബർ 27, 2024

## ഫിനാൻഷ്യൽ മാനേജ്മെന്റ് ക്ലാസ്സ് സംഘടിപ്പിച്ചു

2024 സെപ്റ്റംബർ 27-ന് മീനമ്പലം SNDP ഹാളിൽ വനിതാ സംരംഭകർക്കായി ഫിനാൻഷ്യൽ മാനേജ്മെന്റിനെക്കു റിച്ചുള്ള ക്ലാസ് സംഘടിപ്പിച്ചു. ശ്രീ. ഫെബിൻ റോബർട്ട് (SBI ലൈഫ് ഇൻഷുറൻസിലെ ലേണിംഗ് ആൻഡ് ഡവലപ്മെന്റ് കോർപ്പ റേറ്റ് ട്രെയിനറും ഏരിയ മാനേജരും) ആയിരുന്നു റിസോഴ്സ് പേ ഴ്സൺ. 32 സ്ത്രീകൾ പങ്കെടുക്കുകയും, ചർച്ചകളിൽ സജീവമായി ഏർപ്പെടുകയും വിലപ്പെട്ട ഉൾക്കാഴ്ചകൾ നേടുകയും ചെയ്തു. ബജറ്റിംഗ്, സേവിംഗ്സ് തന്ത്രങ്ങൾ, നിക്ഷേപ സാധ്യതകൾ, റിസ്ക് മാനേ ജ്മെന്റ്, ക്രെഡിറ്റ് മാനേജ്മെന്റ്, റിട്ടയർമെന്റ് പ്ലാനിംഗ് എന്നിവയെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. സാമ്പത്തിക ആസൂത്രണം, ലക്ഷ്യ ക്രമീകരണം, മികച്ച നിക്ഷേപം എന്നിവയുടെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു. സ്ത്രീകളെ സാമ്പത്തിക പരിജ്ഞാനം കൊണ്ട് സജ്ജരാക്കുന്നതി ലൂടെ, ശരിയായ തീരുമാനങ്ങൾ എടുക്കാനും അവരുടെ ഭാവി സു രക്ഷിതമാക്കാനും അവരുടെ കുടുംബങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കാനും FCDP ഈ പദ്ധതിയിലൂടെ അവരെ പ്രാപ്ത രാക്കുന്നു.





## സെപ്റ്റംബർ 28, 2024

## വനിതാ സംരംഭകർക്കായി ക്രെഡിറ്റ് ലിങ്കേജ് ആൻഡ് ഫിനാൻസ് ആക്സസ് ക്ലാസ് സംഘടിപ്പിച്ചു

2024 സെപ്റ്റംബർ 28 ന് മീനമ്പലം SNDP ഹാളിൽ വനിതാ സംരംഭകർക്കായി ക്രെഡിറ്റ് ലിങ്കേജ് ആൻഡ് ഫിനാൻസ് ആക്സസ് എന്നിവയെക്കുറിച്ചുള്ള ക്ലാസ് സംഘടിപ്പിച്ചു. ശ്രീമതി. ശശികല C.I. (ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ, കല്ലുവാതുക്കൾ) ആയിരുന്നു പരിപാടിയുടെ റിസോഴ്സ് പേഴ്സൺ. സാമ്പത്തിക സ്രോതസ്സുകളിലേക്ക് പ്രവേശനം നൽകി സംരംഭകരെ പിന്തുണ യ്ക്കുന്നതിൽ ക്രെഡിറ്റ് ലിങ്കേജ് പ്രധാന പങ്ക് വഹിക്കുന്നു. സം രംഭകർക്ക് അവരുടെ ബിസിനസ്സ് ആരംഭിക്കുന്നതിനും വിപുലീക രിക്കുന്നതിനും പലപ്പോഴും മൂലധനം ആവശ്യമാണ്. അവരുടെ

ബിസിനസ്സ് അഭിലാഷങ്ങൾ പിന്തുടരാനും, വളർച്ച കൈവരിക്കാനും സാമ്പത്തിക വികസനത്തിന് സംഭാവന നൽകാനും അവരെ പ്രാപ്തരാക്കുന്നു. ബിസിനസ്സ് വളർച്ചയ്ക്കും വികസനത്തിനുമുള്ള സാമ്പത്തിക സഹായം എങ്ങനെ ആക്സസ് ചെയ്യാമെന്നുള്ള ആശയങ്ങൾ ക്ലാസ്സിൽ അവതരിപ്പിച്ചു. സംവേദനാത്മക സെഷനുകളിലൂടെയും വ്യക്തിഗത മാർഗനിർദേശങ്ങളിലൂടെയും, അറിവോടെയുള്ള സാമ്പത്തിക തീരുമാനങ്ങൾ എടുക്കുന്നതിനും അവരുടെ സാമ്പത്തിക ക്ഷേമം മെച്ചപ്പെടുത്തുന്നതിനുമുള്ള കഴിവുകൾ വികസിപ്പിക്കാൻ ശ്രീമതി ശശികല സ്ത്രീകളെ സഹായിച്ചു.




## ഒക്ടോബർ 7, 2024

## ഫിഷ് പ്രോസസ്സിംഗ് ക്ലാസ് സംഘടിപ്പിച്ചു

KCYM തങ്കശ്ശേരി ഫൊറോനയുടെയും ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെയും (FCDP) സഹകരണത്തോടെ ശക്തികുളങ്ങര സെന്റ്. ആൻസ് കോൺവെന്റിൽ ഫിഷ് പ്രോസസ്സിംഗ് ക്ലാസ് സംഘടിപ്പിച്ചു. മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ ഉപജീവനമാർഗം ഉയർത്തുന്നതിൽ നൈപുണ്യ വികസനത്തിന്റെയും സംരംഭകത്വത്തിന്റെയും പ്രാധാന്യം ഊന്നി കാണിച്ച പരിപാടി, ഫാ. ജിൻസൺ (അസിസ്റ്റന്റ് ഡയറക്ടർ, KCYM ക്വയിലോൺ രൂപത) ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവരെ ഫിഷ് പ്രോസസ്സിംഗ് മേഖലയിൽ വൈദഗ്ധ്യം നൽകാനും മൂല്യവർധിത ഉൽപ്പന്നങ്ങൾ സൃഷ്ടിക്കാനും, അവരുടെ വരുമാനം വർധിപ്പിക്കാനും അവരെ പ്രാപ്തരാക്കുക എന്നതായിരുന്നു ലക്ഷ്യം.




## ഒക്ടോബർ 15, 2024

## സ്ത്രീകൾക്കായി കുട നിർമ്മാണ പരിശീലന ക്ലാസ്സ് നടത്തി

FCDPയുടെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കായി കുട നിർമ്മാണ പരിശീലന ക്ലാസ്സ് FCDP ഹാളിൽ നടത്തി. ശ്രീമതി ലത രാജൻ (ഫാക്കൽറ്റി, റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം) ആണ് ക്ലാസ്സ് നയിച്ചത്. കുട നിർമ്മാണം എന്നത് വനിതാ സംരംഭകർക്ക് സുസ്ഥിരമായ വരുമാന സ്രോതസ്സും ശാക്തീകരണവും പ്രദാനം ചെയ്യുന്ന ഒരു മേഖലയാണ്. താരതമ്യേന കുറഞ്ഞ പ്രാരംഭ നിക്ഷേപതിലൂടെ വീട്ടിൽ നിന്ന് പ്രവർത്തിപ്പിക്കാനും കഴിയുന്നതിലൂടെ സ്ത്രീകൾക്ക് ജോലിയും കുടുംബ ഉത്തരവാദിത്തങ്ങളും സന്തുലിതമാക്കാൻ സ്ത്രീകളെ ശക്തരാക്കുന്നു. കൂടാതെ അവരുടെ സംരംഭകത്വ കഴിവുകൾ വർദ്ധിപ്പിക്കാനും, അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ച്, അവരുടെ കുടുംബങ്ങളെ പിന്തുണയ്ക്കുന്ന ഒരു വരുമാന സ്രോതസ്സ് പ്രദാനം ചെയ്തുകൊണ്ട് അവരെ ശാക്തീകരിക്കാനും സാധിക്കുന്നു.




## ഒക്ടോബർ 15, 2024

## ഗ്രൂപ്പ്മാനേജ്മെന്റ് ക്ലാസ്സ് സംഘടിപ്പിച്ചു

WE- LivE പ്രോജക്ടിന്റെ ഭാഗമായി വനിതാ സംരംഭകർക്കായി ഗ്രൂപ്പ് ഗ്രൂപ്പ്മാനേജ്മെന്റ് ക്ലാസ് 2024 ഒക്ടോബർ 15-ന് FCDP ഹാളിൽ നടത്തി. 17-ഓളം സ്ത്രീകൾ പങ്കെടുത്ത ക്ലാസ്സിൽ ഗ്രൂപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ഗ്രൂപ്പ്ഡൈനാമിക്സ്, നേതൃത്വപാടവം, പ്രശ്നങ്ങൾ കൈകാര്യം ചെയ്യൽ തുടങ്ങിയ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. അറിവ് പകരുന്ന സെഷൻ വിനോദാത്മകമായി കൈകാര്യം ചെയ്തത് സി. മേരി കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS) ആണ്. ഗ്രൂപ്പിൽ പ്രവർത്തിക്കുമ്പോൾ അതിന്റെ വളർച്ചയ്ക്കും തുടർച്ചയ്ക്കും വേണ്ടുന്ന പ്രവർത്തനങ്ങൾ, അതിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്നും അത് എങ്ങനെ തരണം ചെയ്യാമെന്നും സിസ്റ്റർ വിശദീകരിച്ചു. തികച്ചും വനിതകൾക്ക് ആത്മവിശ്വാസ വും പ്രചോദനവും നൽകുന്നതിന് വളരെ പ്രയോജനം ചെയുന്ന ഒരു ക്ലാസായി ഇത് മാറി.




## ഒക്ടോബർ 16, 2024

## ഫിനാൻഷ്യൽ മാനേജ്മെന്റ് ക്ലാസ്സ് സംഘടിപ്പിച്ചു

WE-LIVE പദ്ധതിയുടെ ഭാഗമായി 2024 ഒക്ടോബർ 16-ന് FCDP ഹാളിൽ വനിതാ സംരംഭകർക്കായി ഫിനാൻഷ്യൽ മാനേജ്മെന്റിനെക്കുറിച്ചുള്ള ക്ലാസ് സംഘടിപ്പിച്ചു. ബിസിനസ്സ് ലോകത്ത് ഉയർന്നു വരുന്ന വെല്ലുവിളികളും തടസ്സങ്ങളും എങ്ങനെ തരണം ചെയ്യാൻ സാധിക്കുമെന്നും, വിജയകരമായ സംരംഭകത്വ സംരംഭങ്ങൾ വളർത്തുന്നതിന് സാമ്പത്തികം എങ്ങനെ കൈകാര്യം ചെയ്യണമെന്നും എന്നുള്ള കാര്യങ്ങളിൽ വനിതകൾ പ്രാപ്തരാക്കുക എന്നുള്ളതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ശ്രീ. ജോ ലൂയിസ് (മാനേജർ, FCDS) പ്രോഗ്രാമിന്റെ റിസോഴ്സ് പേഴ്സൺ ആയിരുന്നു.

17 വനിതകൾ ഓളം ക്ലാസ്സിൽ പങ്കെടുത്തു. ഉറച്ച സാമ്പത്തിക അടിത്തറയുണ്ടെങ്കിൽ, വിജയകരവും സുസ്ഥിരവുമായ ബിസിനസുകൾ കെട്ടിപ്പടുക്കാൻ വനിതാ സംരംഭകർക്ക് കഴിയും. സംരംഭകർക്ക് ഉചിതമായ അറിവോടെയുള്ള തീരുമാനങ്ങൾ എടുക്കുന്നതിനും, വിഭവങ്ങൾ വിവേകപൂർവ്വം വിനിയോഗിക്കുന്നതിനും അവരുടെ സാമ്പത്തിക ഭാവിസുരക്ഷിതമാക്കുന്നതിനും, ഫലപ്രദമായ ഒന്നാണ് ഫിനാൻഷ്യൽ മാനേജ്മെന്റ് എന്ന് അദ്ദേഹം വ്യക്തമാക്കി.




**ഒക്ടോബർ 17, 2024**

## ക്രെഡിറ്റ് ലിങ്കേജ് ആൻഡ് ഫിനാൻസ് അക്സസ്സ് ക്ലാസ് സംഘടിപ്പിച്ചു

WE-LIVE പദ്ധതിയുടെ ഭാഗമായി, 2024 ഒക്ടോബർ 17 ന് FCDP ഹാളിൽ വനിതാ സംരംഭകർക്കായി ക്രെഡിറ്റ് ലിങ്കേജ് ആൻഡ് ഫിനാൻസ് അക്സസ്സ് ക്ലാസ് സംഘടിപ്പിച്ചു. ശ്രീമതി സമിത T. (ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, കൊല്ലം) ആയിരുന്നു പരിപാടിയുടെ റിസോഴ്സ് പേഴ്സൺ. 17 സ്ത്രീകൾ ക്ലാസിൽ പങ്കെടുത്തു. ക്രെഡിറ്റ് ലിങ്കേജ് എന്നത് ക്രെഡിറ്റോ ലോണുകളോ ആക്സസ് ചെയ്യുന്നതിനും വ്യക്തികളെ ബിസിനസുകൾ വളർത്തുന്നതിനും സഹായിക്കുന്ന സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്ന പ്രക്രിയയെ ആണ് എന്ന് റിസോഴ്സ് പേഴ്സൺ സൂചിപ്പിച്ചു. ദാരിദ്ര്യം കുറയ്ക്കുന്നതിലും സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിലും, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കിടയിലും ഗ്രാമ പ്രദേശങ്ങളിലും ക്രെഡിറ്റ് ലിങ്കേജ് ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഇത് ധനകാര്യ സ്ഥാപനങ്ങളും വായ്പ ആവശ്യമുള്ളവരും തമ്മിലുള്ള വിടവ് നികത്തുകയും സമഗ്രമായ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും ചെയുന്നു.




**ഒക്ടോബർ 19, 2024**

## കാരുണ്യ തീരം ബാലഭവൻ സന്ദർശനം

ലോക ഭക്ഷ്യ ദിനത്തോട് അനുബന്ധിച്ച് ഒക്ടോബർ 19 ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറം അംഗങ്ങൾ കാരുണ്യ തീരം ബാലഭവൻ സന്ദർശിച്ചു. ഏകദേശം 60 ഓളം കുട്ടികളും ആനിമേറ്റേഴ്സും ചേർന്ന് നടത്തിയ സന്ദർശനം തികച്ചും വ്യത്യസ്മായ അനുഭവമായിരുന്നു. ഫാ. ജിതിൻ സെബാസ്റ്റ്യൻന്റെ (ഡയറക്ടർ, FCDP -TMS) ആമുഖ പ്രസംഗത്തോടെ ഔദ്യോഗിക പരിപാടികൾ ആരംഭിച്ചു. തുടർന്ന്, സി. തെരേസ (മാനേജിംഗ് ട്രസ്റ്റി, കാരുണ്യ തീരം), ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) എന്നിവർ ആശംസ അറിയിച്ചു. ചിൽഡ്രൻസ് ഫോറത്തിലെ എല്ലാ ഗ്രൂപ്പുകളിൽ നിന്നും വിവിധ കലാപരിപാടികൾനടത്തുകയുണ്ടായി. അതോടൊപ്പം കാരുണ്യതീരം ബാല ഭവനിലെ കുട്ടികളുടെയും വൃദ്ധസദനത്തിലെ അമ്മമാരുടെയും നൃത്തവുംപാട്ടുമായി പരിപാടി വളരെ ആനന്ദകരമായി. അതിനുശേഷം കുട്ടികൾക്കായി കളികൾ നടത്തുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ആടിയും പാടിയും അമ്മമാരും കുട്ടികളുമായി ഏറെ സന്തോഷം പങ്കുവെച്ചു. സ്നേഹ വിരുന്നോട് കൂടി ആറുമണിക്ക് പരിപാടികൾ അവസാനിച്ചു.




**ഒക്ടോബർ 24, 2024**

## വി–ഓട്ടോ: ഒൻമ്പതാം ഘട്ട വിതരണം നടത്തി

ഫിഷർമെന്റ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ നേതൃത്വത്തിൽ സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായുള്ള വി-ഓട്ടോ പദ്ധതിയുടെ ഒമ്പതാം ഘട്ട ഓട്ടോ വിതരണം FCDP ഓഫീസിൽ വച്ച് നടത്തപ്പെട്ടു. തീരദേശത്തെ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരിക, സ്റ്റീരിയോടൈപ്പിക്ക് തൊഴിൽ ദിശയിൽ നിന്ന് മാറി മുന്നേറുക, സ്ത്രീകളെ സാമ്പത്തികമായി സ്വതന്ത്രരാക്കുക എന്നീ ലക്ഷ്യത്തോടെയാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. ശ്രീമതി ഗ്രറ്റ രാജു (എക്സിക്യൂട്ടീവ് മാനേജർ, FCDP) ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ശ്രീമതി ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) അധ്യക്ഷത വഹിച്ച ചടങ്ങിൽ കൊല്ലത്തിന്റെ വികാർ ജനറൽ റവ. മോൺ. ഡോ. ബൈജു ജൂലിയൻ ഉദ്ഘാടന കർമ്മം നിർവഹിച്ചു. ഒമ്പതാം ഘട്ട ഓട്ടോ വിതരണ ചടങ്ങിനോടനുബന്ധിച്ച് ശ്രീമതി ജാസ്മിൻ, ശ്രീമതി ഗീത ജോർജ് എന്നീ വനിതകൾക്കാണ് പുതുതായി വി- ഓട്ടോ പദ്ധതിയുടെ കീഴിൽ ഓട്ടോ നൽകിയത്. ഫാ. ബൈജു ജൂലിയൻ പുതിയതായി ഓട്ടോ വാങ്ങുന്ന ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറ്റം ചെയ്യുകയും ചടങ്ങിന്റെ ഫ്ലാഗ് ഓഫ് കർമ്മം നിർവഹിക്കുകയും ചെയ്തു. ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP- TMS), ശ്രീമതി ലറ്റീഷ്യ മാർട്ടിൻ (പ്രസിഡന്റ്, TMS), ഡോ. തോമസ് വില്യം (ബോർഡ് അംഗം, FCDP), സി. മേരി കെ (അസി. ഡയറക്ടർ, TMS) എന്നിവർ ചടങ്ങിൽ പങ്കെടുത്തവർക്ക് ആശംസകൾ അറിയിച്ചു. FCDP- TMS - FCDS ബോർഡ് അംഗങ്ങളും, സ്റ്റാഫ് അംഗങ്ങളും, ഗുണഭോക്താക്കളും പങ്കെടുത്ത ചടങ്ങിൽ കുമാരി ബെർലിൻ നന്ദി അറിയിച്ചു. ഇത്തരം പദ്ധതികൾ തീരദേശ സ്ത്രീകളുടെ സമൂഹത്തിലെ സമതുലിത സ്ഥാനം ഉറപ്പാക്കുന്നതിനുള്ള മികച്ച മാർഗം തന്നെയാണ്.





## ഒക്ടോബർ 28, 2024

## ഫുഡ് ഫെസ്റ്റും സർട്ടിഫിക്കറ്റ് വിതരണവും നടത്തി

WYEP പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ഫിഷ് ആൻഡ് ഫുഡ് പ്രോസസിംഗ് ക്ലാസുകളുടെ സമാപനത്തോട് അനുബന്ധിച്ച് ഫുഡ് ഫെസ്റ്റും സർട്ടിഫിക്കറ്റ് വിതരണ ചടങ്ങും 2024 ഒക്ടോബർ 28 ന് സെന്റ് ആൻസ് കോൺവെന്റ് ശക്തികുളങ്ങരയിൽ വെച്ച് സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടന കർമ്മം മോൺ. ബൈജു ജൂലിയൻ (വികാരി ജനറൽ, കൊല്ലം രൂപത) നിർവഹിച്ചു. നൈപുണ്യ വികസനത്തിലൂടെ മത്സ്യത്തൊഴിലാളി സമൂഹത്തിലെ സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യം വെച്ചുകൊണ്ട് സംഘടിപ്പിച്ച ഫുഡ് ഫെസ്റ്റിൽ പങ്കെടുത്ത സ്ത്രീകൾ തങ്ങളുടെ പാചക വൈദഗ്ധ്യം കൊണ്ട് കാണികളെ വിസ്മയിപ്പിച്ചു. ബീഫ് & ചിക്കൻ കട്ലറ്റ്, സമൂസ, ചിക്കൻ സൂപ്പ്, ഫ്രൈഡ് റൈസ്, കപ്പ, മീൻകറി, ചിക്കൻ കറി തുടങ്ങി സ്ത്രീകൾ സ്വയം തയ്യാറാക്കിയ വിഭവങ്ങൾ ഫുഡ് ഫെസ്റ്റിൽ പ്രദർശിപ്പിച്ചു. ഈ സംരംഭം സ്ത്രീകളെ അവശ്യ വൈദഗ്ധ്യങ്ങളാൽ സജ്ജരാക്കുകയും, അവരുടെ തൊഴിലവസരം, സംരംഭകത്വ സാധ്യതകൾ, സാമ്പത്തിക സ്വാതന്ത്ര്യം എന്നിവ വർദ്ധിപ്പിക്കുകയും ചെയുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. ഭക്ഷ്യ-പാചക കലയിൽ വൈദഗ്ധ്യം നേടുന്നതിലൂടെ സ്ത്രീകൾക്ക് അവരുടെ ജീവിതത്തെ പരിവർത്തനം ചെയ്യാനും ആത്മവിശ്വാസം, സ്വാശ്രയത്വം, സമൂഹത്തിൽ മെച്ചപ്പെട്ട ജീവിതം നയിക്കുന്നതിനും അവരെ പ്രോൽത്സാഹിപ്പികുകയും ചെയുന്നു.





## നവംബർ 4, 2024

## യോഗ ക്ലാസ് ഉദ്ഘാടനം നടത്തി

FCDP യുടെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കുമായി ആരംഭിക്കുന്ന യോഗ ക്ലാസ്സിന്റെ ഉദ്ഘാടനം കർമ്മം 04/11/2024 വൈകുന്നേരം 5 മണിക്ക് FCDP ഹാളിൽ വച്ച് നടത്തി. ശ്രീമതി സുമിത സുധാകർ (യോഗ ഇസ്ട്രക്ടർ, നാഷണൽ ആയുഷ് മിഷൻ) ഉദ്ഘാടന കർമ്മം നിർവഹിച്ചു. ശ്രീമതി ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) അധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീമതി ഗ്രറ്റ രാജു (എക്സിക്യുട്ടീവ് മാനേജർ, FCDP) പങ്കെടുത്തവർക്ക് സ്വാഗതം ആശംസിച്ചു. സി. മേരി കെ (അസിസ്റ്റന്റ്. ഡയറക്ടർ, TMS) ഈ പദ്ധതിയെ കുറിച്ചും ഈ ക്ലാസ്സിന്റെ പ്രാധാന്യത്തെയും സൂചിപ്പിച്ചു കൊണ്ടു ആമുഖ പ്രസംഗം നടത്തി. ശാരീരികവും മാനസികവുമായ ആരോഗ്യം നിലനിർത്തുന്നതിൽ യോഗയുടെ പ്രാധാന്യം, സ്ട്രെസ് മാനേജ്മെന്റ്, ഫ്ലെക്സിബിലിറ്റി, ബാലൻസ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉദ്ഘാടക ശ്രീമതി സുമിത സുധാകർ ക്ലാസ് നയിച്ചു. ശ്രീമതി മിനി മേരി (കോർഡിനേറ്റർ, TMS) ചടങ്ങിൽ പങ്കെടുത്തവർക്ക് നന്ദി അറിയിച്ചു.





## നവംബർ 16, 2024

## ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫെസ്റ്റ് സംഘടിപ്പിച്ചു

FCDP യുടെ നേതൃത്വത്തിൽ ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറവും ഡോൺ ബോസ്കോ യൂത്ത് ഫോറവും ഡോൺ ബോസ്കോ കൊട്ടിയം കോളേജുമായി സഹകരിച്ച് ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫെസ്റ്റ് 2024 സംഘടിപ്പിച്ചു . നവംബർ 16ന് 2 മണിക്ക് FCDP ഹാളിൽ വെച്ച് ആരംഭിച്ച പരിപാടി ഫാ. അഖിൽ ബീറ്റ് (അസിസ്റ്റൻറ് വികാരി, സെന്റ്. ജോൺ ബ്രിട്ടോ ചർച്ച്, ശക്തികുളങ്ങര) ഉദ്ഘാടനം ചെയ്തു .ഉത്ര ഡാൻസ് ക്ലബ്ബിന്റെ പ്രയർ ഡാൻസോട് കൂടി പരിപാടികൾ ആരംഭിച്ചു. ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) അധ്യക്ഷത വഹിച്ച ചടങ്ങിൽ കുട്ടികളിലെ കലാപരമായ കഴിവുകൾ വളർത്തിയെടുക്കാൻ രൂപീകരിച്ച ആർട്സ് ക്ലബ്ബിൻറെ ഉദ്ഘാടനം ഡോ. രാജേഷ് മഹേശ്വർ നിർവഹിച്ചു. കുട്ടികളിലെ പൊതുവിജ്ഞാനം വളർത്തിയെടുക്കാൻ ഉതകുന്ന രീതിയിലുള്ള മോട്ടിവേഷണൽ ക്ലാസ് ഡോക്ടറുടെ നേതൃത്വത്തിൽ നടക്കുകയുണ്ടായി. കലാഭാരതി ചൈൽഡ് ആർട്സ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, പൂനൈ സംഘടിപ്പിച്ച പെയിന്റിങ് & ഹാൻഡ് റൈറ്റിംഗ് കോമ്പറ്റീഷനിൽ വിജയികളായ എല്ലാവർക്കുമുള്ള സർട്ടിഫിക്കറ്റ് വിതരണവും നടന്നു. ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP) ആമുഖ പ്രസംഗവും സിസ്റ്റർ. മേരി കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS) ആശംസയും പറയുകയുണ്ടായി. ചിൽഡ്രൻസ് ഫെസ്റ്റിന്റെ പ്രധാന ആകർഷണം ചാൻസ് ഗെയിംസ് ആയിരുന്നു. പത്തോളം ഗെയിംസ് പലഭാഗങ്ങളിലായി നടന്നത് കുട്ടികൾ വളരെ ആവേശത്തോടെയാണ് പങ്കെടുത്തത്. തുടർന്ന് നടത്തിയ ഡിജെ പ്രോഗ്രാം കുട്ടികൾക്ക് ഏറെ ആവേശകരമായിരുന്നു. കൈ നിറയെ സമ്മാനങ്ങളുമായി അടുത്ത ചിൽഡ്രൻസ് ഫെസ്റ്റിന്റെ കാത്തിരിപ്പുമായാണ് കുട്ടികൾ മടങ്ങിയത്.





## നവംബർ 18, 2024

## ഫാ. ഫാബിയോ അറ്റാർഡ് SDB, ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം സന്ദർശിച്ചു

2024 നവംബർ 18-ന് സലേഷ്യൻ സഭയുടെ റെക്ടർ മേജറിന്റെ പ്രതിനിധിയായ ഫാ. ഫാബിയോ അറ്റാർഡ് SDB, FCDP സന്ദർശിച്ചു. ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറത്തിന്റെ പ്രയർ ഡാൻസോട് കൂടി പരിപാടി ആരംഭിച്ചു. ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-TMS) ചടങ്ങിൽ പങ്കെടുത്തവർക്ക് സ്വാഗതം ആശംസിച്ചു. ഡോ. സിന്ത മെൻഡസ് (സെക്രട്ടറി, FCDP) സംഘടനയുടെ സംരംഭങ്ങളും നേട്ടങ്ങളും അവതരിപ്പിച്ചു. ശ്രീമതി മെറീറ്റ റോയ് (പ്രോജക്ട് കോർഡിനേറ്റർ, WYEP) FCDP പ്രവർത്തനങ്ങളുടെ പുരോഗതിയെക്കുറിച്ചുള്ള സമഗ്രമായ റിപ്പോർട്ട് നൽകി. ഫാ. ഫാബിയോ അറ്റാർഡ് SDB യുവജനങ്ങളെയും കമ്മ്യൂണിറ്റി വികസനത്തെയും കുറിച്ചുള്ള അദ്ദേഹത്തിന്റെ ഉൾക്കാഴ്ചയുള്ള ചിന്തകൾ പങ്കുവെച്ചു. ശ്രീമതി ലക്റ്റീഷ്യ മാർട്ടിൻ (പ്രസിഡന്റ്, TMS) ഫാ. ഫാബിയോ യ്ക്ക് മൊമെന്റോ നൽകി ആദരിച്ചു. അദ്ദേഹത്തിന്റെ ശ്രദ്ധേയമായ സംഭാവനകൾക്ക് നന്ദി പറഞ്ഞതിനോടൊപ്പം സി. മേരി കെ, (അസിസ്റ്റന്റ് ഡയറക്ടർ, TMS) അതിഥികൾക്കും സംഘാടകർക്കും ബോർഡ് അംഗങ്ങളും അഭ്യുദയകാംക്ഷികളും ഉൾപ്പെടെ മുഴുവൻ FCDP കുടുംബത്തിനും നന്ദി അറിയിച്ചു.




## നവംബർ 30, 2024

## മാലിന്യ സംസ്കരണ ബോധവൽക്കരണ ക്ലാസും പോസ്റ്റർ നിർമാണ മത്സരവും

2024 നവംബർ 30-ന്, BSW ട്രെയിനികൾ FCDP ഹാളിൽ മാലിന്യ സംസ്കരണത്തെക്കുറിച്ചും ബോധവൽക്കരണ ക്ലാസും അതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മാണ മത്സരവും നടത്തി. 30 ഓളം കുട്ടികൾ ഇതിൽ പങ്കെടുത്തു. മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും തെറ്റായ മാലിന്യ നിർമാർജനത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ചും സെഷൻ ഊന്നൽ നൽകി. പോസ്റ്റർ നിർമ്മാണ മത്സരത്തിൽ പങ്കെടുത്തവരുടെ സർഗ്ഗാത്മകതയും പുതുമയും പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പംപരിസ്ഥിതി അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു. സമൂഹത്തിൽ സുസ്ഥിരമായ മാലിന്യ സംസ്കരണ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവെപ്പായി ഇത് അടയാളപ്പെടുത്തി.




## ഡിസംബർ 7, 2024

## ഡോൺ ബോസ്കോ ആർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്രിസ്മസ് കാർഡ് നിർമ്മാണ മത്സരം സംഘടിപ്പിച്ചു

ഡോൺ ബോസ്കോ ആർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ FCDPയിൽ ക്രിസ്മസ് കാർഡ് നിർമ്മാണ മത്സരം വിജയകരമായി സംഘടിപ്പിച്ചു. 25-ലധികം അംഗങ്ങൾ അവരുടെ സർഗ്ഗാത്മക കഴിവുകൾ പ്രദർശിപ്പിച്ചു കൊണ്ടുള്ള ആവേശകരമായ പങ്കാളിത്തത്തിന് പരിപാടി സാക്ഷ്യം വഹിച്ചു. രാവിലെ 11 മണിയോടെ കൂടി ആരംഭിച്ച പരിപാടി ഉച്ചക്ക് 12:00 മണിയോടെ കൂടി സമാപിച്ചു. മത്സരത്തിന്റെ എല്ലാ ഊർജ്ജസ്വലവും സർഗ്ഗാത്മകതയും പുതുമയും ഉൾപ്പെട്ടിരുന്ന പരിപാടി എല്ലാവർക്കും അവിസ്മരണീയമായ അനുഭവമായി. ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-TMS) ചടങ്ങിൽ പങ്കെടുക്കുക യും അവരുടെ സർഗ്ഗാത്മകത പോഷിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. വിദഗ്ധ സമിതിയാണ് മത്സരം വിലയിരുത്തിയത്.




## ഡിസംബർ 9, 2024

## സർട്ടിഫിക്കറ്റ് വിതരണം നടത്തി

WE-LivE പ്രോജക്റ്റിന്റെ ഭാഗമായി FCDP യുടെയും റോട്ടറി ക്ലബ് ഓഫ് കൊയിലോൺ ഈസ്റ്റിന്റെയും ജന ശിക്ഷന്റെയുംസംയുക്ത ആഭിമുഖ്യത്തിൽ സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി ആരംഭിച്ച മൂന്നുമാസത്തെ ബ്യൂട്ടീഷൻ കോഴ്സ് വിജയകരമായി പൂർത്തീകരിച്ച വിദ്യാർഥിനികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ശ്രീമതി ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) അധ്യക്ഷ വഹിച്ചജോൺ (ചെയർപേഴ്സൺ, FCDP) അധ്യക്ഷ വഹിച്ച ചടങ്ങിൽ ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP - TMS) എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന്, ശ്രീ. കിഷോർ കുമാർ (പ്രസിഡന്റ്, റൊട്ടറി ക്ലബ് ഓഫ് ക്വിലോൺ ഈസ്റ്റ്) വിദ്യാർഥിനികൾക്ക് സർട്ടിഫിക്കറ്റ് നൽകി. ശ്രീ. രാജ് കുമാർ (സെക്രട്ടറി, റൊട്ടറി ക്ലബ് ഓഫ് ക്വിലോൺ ഈസ്റ്റ്), ശ്രീമതി. നജില (JSS ട്രൈനെർ, ബ്യൂട്ടി കെയർ അസിസ്റ്റന്റ്), സി. മേരി കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS) എന്നിവർ ആശംസ അറിയിച്ചു. പ്രോഗ്രാമിന് സമാപനത്തിൽ പങ്കെടുത്ത എല്ലാവർക്കും, അവരുടെ സമഗ്രമായ സഹകരണത്തിനും പ്രവർത്തനങ്ങൾക്ക് ശ്രീമതി. ഗ്രറ്റ രാജു (എക്സിക്യൂട്ടീവ് മാനേജർ, FCDP) നന്ദി അറിയിച്ചു. സ്ത്രീശാക്തീകരണത്തിനായി ആരംഭിച്ച ഈ കോഴ്സ് സ്ത്രീകളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുവാനും അതുവഴി കുടുംബവും ജോലിയും തുല്യതയിൽ നയിക്കുവാനും അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യമാണ് മുന്നോട്ടുവയ്ക്കുന്നത്.





## ഡിസംബർ 10, 2024

## ഗ്രൂപ്പ്മാനേജ്മെന്റ് ക്ലാസ്സ് സംഘടിപ്പിച്ചു

WE-LIVE പ്രോജക്ടിന്റെ ഭാഗമായി വനിതാ സംരംഭകർക്കായി ഗ്രൂപ്പ്മാനേജ്മെന്റ് ക്ലാസ് 2024 ഡിസംബർ 10-ന് FCDP ഹാളിൽ നടത്തി. 28 ഓളം സ്ത്രീകൾ പങ്കെടുത്ത ക്ലാസ്സിൽ ഗ്രൂപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് നേതൃത്വ പാടവം, പ്രശ്നങ്ങൾ കൈകാര്യം ചെയ്യൽ തുടങ്ങിയ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. സെഷൻ കൈകാര്യം ചെയ്തത് സി. മേരി കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS) ആണ്. ഗ്രൂപ്പിൽ പ്രവർത്തിക്കുമ്പോൾ നേരിടുന്ന വെല്ലുവിളികളെ അങ്ങനെ തരണം ചെയ്യാമെന്നും അതിലൂടെ ഒരു സംരംഭം എങ്ങനെ മികച്ചതാകാമെന്നും സിസ്റ്റർ വിശദീകരിച്ചു.





## ഡിസംബർ 10, 2024

## സ്ത്രീകൾക്കായി ഫിനാൻഷ്യൽ മാനേജ്മന്റ് ക്ലാസ് സംഘടിപ്പിച്ചു

WE-LIVE പദ്ധതിയുടെ ഭാഗമായി 2024 ഡിസംബർ 10 ന് FCDP ഹാളിൽ വനിതാ സംരംഭകർക്കായി ഫി നാൻഷ്യൽ മാനേജ്മെന്റിനെക്കുറിച്ചുള്ള ക്ലാസ് സംഘടിപ്പിച്ചു. ശ്രീ. ജോ ലൂയിസായിരുന്നു (മാനേജർ, FCDS) പ്രോഗ്രാമിന്റെ റി സോഴ്സ് പേഴ്സൺ. 28 വനിതകൾ ഓളം ക്ലാസ്സിൽ പങ്കെടുത്തു. മൂലധന നിക്ഷേപങ്ങൾ, ലാഭം-നഷ്ടം വിശകലനം, ചുരുങ്ങിയ ചിലവിൽ ഉയർന്ന ആഗോള പ്രതിഫലം എന്നിവ പ്രാപ്തമാക്കാൻ നല്ല സാമ്പത്തിക ശൈലികൾ സഹായിക്കുന്നു. മികച്ച സാമ്പത്തിക അവബോധം പുതിയ അവസരങ്ങൾ കണ്ടെത്താനും സംരംഭം വിപുലീകരിക്കാനും അനിവാര്യമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. അവസാനം, വിവിധ ബാങ്കിങ് സബ്സിഡികൾ, ധനസഹായ പദ്ധതികൾ എന്നിവയെക്കുറിച്ചും വിശദീകരണം നൽകി.





## ഡിസംബർ 11, 2024

## ക്രെഡിറ്റ് ലിങ്കേജ് ആൻഡ് ഫിനാൻസ് അക്സസ്സ് ക്ലാസ് സംഘടിപ്പിച്ചു

WE-LIVE പദ്ധതിയുടെ ഭാഗമായി 2024 ഡിസംബർ 11 ന് FCDP ഹാളിൽ വനിതാ സംരംഭകർക്കായി ക്രെഡിറ്റ് ലിങ്കേജ് ആൻഡ് ഫിനാൻസ് അക്സസ്സ് ക്ലാസ് സംഘടിപ്പിച്ചു. ശ്രീമതി സമിത T. (ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, കൊല്ലം) ആയിരുന്നു പരിപാടിയുടെ റിസോഴ്സസ് പേഴ്സൺ. 28 സ്ത്രീകൾ പങ്കെടുത്ത ക്ലാസിൽ ക്രെഡിറ്റ് ലിങ്കജിനെക്കുറിച്ച് വളരെ വ്യക്തമായി ശ്രീമതി സമിത സംസാരിച്ചു. ഇൻഡസ്ട്രിയൽ ഓഫീസിൽ നിന്ന് സ്ത്രീ സംരംഭകർക്കായി നൽകപ്പെടുന്ന വിവിധതരത്തിലുള്ള സ്കീമിനെക്കുറിച്ചുള്ള അവബോധം അവരിൽ സൃഷ്ടിച്ചു. സ്ത്രീ സംരംഭകർക്ക് സാമ്പത്തിക സ്വാതന്ത്ര്യം നേടാനും സമ്പദ്‌വ്യവസ്ഥ യിൽ പങ്കാളിത്തം വർദ്ധിപ്പിക്കാനും ക്രെഡിറ്റും ലിങ്കേജുകൾ നിർണായകമാണ്. ലിങ്കേജുകൾ, അത് വിപണിയുമായോ പരിശീലന കേന്ദ്രങ്ങളുമായോ ആകട്ടെ, സ്ത്രീ സംരംഭകത്വം ശക്തിപ്പെടുത്തുക യും ശുപാർശകളിലൂടെയും നിക്ഷേപത്തിലൂടെ യും പിന്തുണ നൽകുകയും ചെയ്യുന്നു. ക്രെഡിറ്റും പ്രായോഗിക ലിങ്കേജുകളും സ്ത്രീകളെ സാമ്പത്തികമായും സാമൂഹികമായും മുന്നോട്ട് കൊണ്ടുപോകാൻ പ്രേരിപ്പിക്കുന്ന ശക്തമായ ഉപാധികളാണ്.





## ഡിസംബർ 11, 2024

## സർട്ടിഫിക്കറ്റ് വിതരണം നടത്തി

FCDPയുടെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കായി ആരംഭിച്ച 3 ദിവസത്തെ ജ്വലറി മേക്കിങ് ക്ലാസ്സിന്റെ സമാപനത്തോടനുബന്ധിച്ച് വിദ്യാർഥിനികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ശ്രീമതി ലത രാജൻ (ഫാക്കൽറ്റി, റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം) ആണ് ക്ലാസ്സ് നയിച്ചത്. ക്രിയാത്മകമായ കഴിവുകൾ വികസിപ്പിക്കാനും സാമ്പത്തിക സ്വാതന്ത്ര്യം നേടാനുള്ള അവസരങ്ങൾ ഇത്തരം ക്ലാസ്സുകളിലൂടെ നൽകപ്പെടുന്നു. അവ സ്ത്രീകൾക്ക് ചെറിയ വ്യവസായങ്ങൾ ആരംഭിക്കുവാനും, സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുവാനും, ആത്മവിശ്വാസം നേടാനും സഹായിക്കുന്നു. സ്ത്രീകളെ മുഖ്യധാരയിലേക്ക് എത്തിച്ചുകൊണ്ട് അവർക്ക് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ഇത്തരം പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.





## ഡിസംബർ 18, 2024

## ക്രിസ്മസ് മേള നടത്തപ്പെട്ടു

ക്രിസ്തുമസിനോട് അനുബന്ധിച്ച് FCDP യുടെ ആഭിമുഖ്യത്തിൽ ഡിസംബർ 17,18 തീയതികളിലായി ക്രിസ്മസ് മേള നടത്തപ്പെട്ടു. സെന്റ്. സ്റ്റീഫൻസ് ചർച്ച്, തോപ്പ്, പള്ളി ഹാളിൽ രാവിലെ 10 മണി മുതൽ രാത്രി 8 മണി വരെയായിരുന്നു വമ്പിച്ച ആദായ വില്പന. ഉയർന്ന ഗുണനിലവാരത്തിൽ തയ്യാ റാക്കിയ ഉൽപന്നങ്ങൾ മികച്ച കോമ്പോ ഓഫറുകളിൽ ആയി നൽകിക്കൊണ്ട് ഒരുക്കിയ മേളയുടെ ഉദ്ഘാടന കർമം ഫാ. സ്റ്റീഫൻ മുക്കാട്ടിൽ (റെക്ടർ, ഡോൺ ബോസ്ക്കോ ഇൻസ്റ്റിറ്റ്യൂഷൻസ്) നിർവഹിച്ചു. മേള യിൽ സന്ദർശകർക്ക് അങ്ങോളമിങ്ങോളമുള്ള രുചികരമായ വിഭവങ്ങൾ അനുഭവിക്കാനായി സജ്ജമാക്കിയ ഫുഡ് സ്റ്റാളുകൾക്ക് വലിയ സ്വീകാര്യത ലഭിച്ചു. കുടുംബങ്ങൾക്ക് അനുയോജ്യമായ കോമ്പോ ഓഫറുകൾക്ക് പുറമെ, പ്രത്യേക ക്രിസ്മസ് അലങ്കാര ഉൽപ്പന്നങ്ങൾക്കും വലിയ പ്രാധാന്യം നൽകിയിരുന്നു വീടുകളിലേക്ക് ആവശ്യമായ മസാലപൊടികൾ, ഭക്ഷ്യവസ്തുക്കൾ, തുണിത്തരങ്ങൾ മറ്റു ആവശ്യ വസ്തുക്കൾ, ഫുഡ് കൗണ്ടറുകൾ എന്നീ 18 ഓളം സ്റ്റോളുകൾ മേള യിൽ ക്രമീകരിച്ചിരുന്നു. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച മേളയുടെ പ്രധാന ആകർഷണം വനിതകളുടെ കൈ തൊഴിൽ ഉൽപ്പന്നങ്ങളുടെ വിപണനം തന്നെയായിരുന്നു. 2 ദിവസമായി നടത്തപെട്ട മേള ജനപങ്കാളിത്തത്തോടുകൂടി വിജയകരമായി സമാപിച്ചു. മേളയുടെ വിജയത്തിനുള്ള പിൻബലമായ സംരംഭകരും പ്രവർത്തകരും എല്ലാ സഹായത്തിനും പങ്കാളിത്തത്തിനും നന്ദി അറിയിക്കുകയും, ഈ സംരംഭം അടുത്ത വർഷം കൂടുതൽ വലുതാക്കി വിപുലമാക്കുമെന്ന തീരുമാനമെടുക്കുകയും ചെയ്തു.





## ഡിസംബർ 19, 2024

## വിശപ്പിന് വിട പ്രീ– ക്രിസ്മസ് ആഘോഷം നടത്തി

2024 ഡിസംബർ 19-ന് വിശപ്പിന് വിട എക്സിക്യൂട്ടീവ് അംഗങ്ങളും സ്റ്റാഫ് അംഗങ്ങളും പ്രീ-ക്രിസ്മസ് ആഘോഷിച്ചു. TMS അസിസ്റ്റന്റ് ഡയറക്ടർ സി. മേരിയുടെ പ്രാർത്ഥനയോടുകൂടിയാണ് പരിപാടി ആരംഭിച്ചത്. പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-TMS) സ്വാഗതം ആശംസിച്ചു. ക്രിസ്മസ് ആഘോഷത്തിന് തുടക്കം കുറിച്ചുകൊണ്ട് ശ്രീമതി ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) കേക്ക് മുറിക്കുകയും ആശംസ അറിയിക്കുകയും ചെയ്തു. വിശപ്പിന് വിട സ്റ്റാഫ് അംഗങ്ങൾ ക്രിസ്മസ് ഗാനം അവതരിപ്പിക്കുകയും ശ്രീമതി ഗ്രെറ്റ രാജു (എക്സിക്യൂട്ടീവ് മാനേജർ, FCDP) നന്ദി അറിയിക്കുകയും ചെയ്തു. ചടങ്ങിന്റെ സമാപനത്തിൽ എല്ലാ സ്റ്റാഫ് അംഗങ്ങൾക്കും പങ്കാളികൾക്കും കേക്ക് വിതരണവും ഉച്ചഭക്ഷണവും നൽകിക്കൊണ്ട് ആഘോഷത്തെ ഉത്സവപരമായി മാറ്റി. ആഘോഷങ്ങൾ കൂടുതൽ സംഘാടകപരമായ സൗഹൃദത്തിന്റെ വിജയ ഗാഥയായി മാറിയതായി അർപ്പണബോധമുള്ള എല്ലാവരും അഭിപ്രായപ്പെട്ടു. ആഘോഷത്തിന്റെ അവസാനം വിശപ്പിന് വിട സംരംഭത്തിന്റെ ഭാവി പദ്ധതികൾ കുറിച്ച് ചർച്ച നടത്തുകയും, ക്രിസ്മസ് സമയത്ത് ഏറെ സഹായം ആവശ്യമായവർക്കായി സംയുക്തമായ സഹായപ്രവർത്തനങ്ങളുടെ തുടക്കം കുറിക്കാനുള്ള തീരുമാനവും കൈക്കൊണ്ടു. ഇത്തരം ആഘോഷങ്ങൾ വിശപ്പിന് വിട യുടെ സംഘാടക സംഘത്തിന്റെ ഏകത്വത്തിനും പ്രവർത്തന സന്നദ്ധതയ്ക്കും ശക്തി പകരുന്നു എന്നതിൽ സംശയമില്ല.





## ഡിസംബർ 21, 2024

## FCDP -TMS ബോർഡ് & സ്റ്റാഫ് അംഗങ്ങളുടെ ക്രിസ്തുമസ് സംഗമം സംഘടിപ്പിച്ചു

2024 ഡിസംബർ 22ന് FCDP ഹാളിൽ വെച്ച് FCDP -TMS ബോർഡ് & സ്റ്റാഫ് അംഗങ്ങളുടെ ക്രിസ്തുമസ് ആഘോഷിച്ചു. ഫാ. ജിതിൻ സെബാസ്റ്റ്യന്റെ (ഡയറക്ടർ, FCDP-TMS) സ്വാഗതത്തോടുകൂടി ആരംഭിച്ച പരിപാടിയിൽ ഡോൺ ബോസ്കോ സ്ഥാപനങ്ങളുടെ റെക്ടറായ ഫാ. സ്റ്റീഫൻ മുക്കാട്ടിൽ ക്രിസ്മസ് സന്ദേശം നൽകി. ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP), ശ്രീമതി. ലക്റ്റീഷ്യ മാർട്ടിൻ (പ്രസിഡന്റ്, TMS), ഡോ. സിന്ദാ മെന്റസ് (ബോർഡ് മെമ്പർ, FCDP) എന്നിവർ ക്രിസ്മസ് ആശംസകൾ നേർന്നു. ഒരുപാട് ആവേശത്തോടെ ഗിഫ്റ്റ് എക്സ്ചേഞ്ച് നടത്തപ്പെട്ടു. ബോർഡ് അംഗങ്ങളും സ്റ്റാഫും തമ്മിൽ ചെറിയ സമ്മാനങ്ങൾ കൈമാറ്റം ചെയ്തു, ഇത് സംഘത്തിന്റെ കൂട്ടായ്മയും, സ്നേഹബന്ധവും ശക്തിപ്പെടുത്തി. ബോർഡും സ്റ്റാഫും അടങ്ങുന്ന 50-ൽ പരം അംഗങ്ങൾ ചടങ്ങിൽ പങ്കെടുത്തു. വിവിധയിനം കലാപരിപാടികളും കളികളും നിറഞ്ഞ ആഘോഷം ഏവർക്കും സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും ഓർമ്മകൾ നിറഞ്ഞ നല്ലൊരു ദിനമായി. ക്രിസ്മസ് ആഘോഷം എവർക്കും സന്തോഷവും ആത്മസന്തൃപ്തിയും പകർന്നു, സഹപ്രവർത്തകർ തമ്മിൽ അടുത്ത ബന്ധം സ്ഥാപിക്കാനായ മികച്ച അവസരമായി.





## ഡിസംബർ 22, 2024

### FCDP അണ്ടർ–15 സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റ് സംഘടിപ്പിച്ചു

FCDP യുടെ നേതൃത്വത്തിൽ ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറം സംഘടിപ്പിച്ച 'ഡോൺ ബോസ്കോ അണ്ടർ 15 സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റ്' വിജയകരമായി സമാപിച്ചു. 2024 ഡിസംബർ 22-ാം തീയതി ഡോൺ ബോസ്കോ ബോയ്സ് ഹോം ഗ്രൗണ്ടിൽ അരങ്ങേറിയ മൽസരങ്ങളിൽ ചിൽഡ്രൻസ് ഫോറത്തിലെ 5 ടീമുകളും ഡോൺ ബോസ്കോ ഫുട്ബോൾ ക്ലബ്ബിൽ നിന്നും 2 ടീമുകളും പങ്കെടുത്തു. സെമി ഫൈനൽ മത്സരങ്ങളിൽ DBC വാരിയർസും ഡോൺ ബോസ്കോ A ടീമും, ഡോൺ ബോസ്കോ B ടീമും സ്പോട്ടിങ് FC യും പരസ്പരം ഏറ്റുമുട്ടി. ഫൈനൽസിന് മുൻപായി, മുൻ FCDP ഡയറക്ടർ റവ. ഫാ. ജോബി സെബാസ്റ്റ്യൻ മത്സരാർത്ഥികൾക്ക് വിജയാശംസകൾ നേർന്നു. മത്സരത്തിനിടെ കാണികളായ രക്ഷിതാക്കളും ചെറുപ്പക്കാരും ആവേശത്തോടെ ടീമുകൾക്ക് പിന്തുണ നൽകി. ആവേശകരമായ ഫൈനൽസിൽ ഡോൺ ബോസ്കോ A ടീമും ഡോൺ ബോസ്കോ B ടീമും ഏറ്റുമുട്ടി. ഫൈനൽ മത്സരം 1-0 ൽ ഡോൺ ബോസ്കോ B ടീം വിജയം കരസ്ഥമാക്കി. ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ ഇതുപോലുള്ള പരിപാടികൾ കുട്ടികളുടെ സമൂഹപരമായ വളർച്ചക്കും അവരുടെ ഭാവി കായിക ജീവിതത്തിനും വലിയ പ്രചോദനമാകുമെന്ന് പരിപാടിയുടെ കോർഡിനേറ്റർ ശ്രീമതി ബിന്ധു ഹാരിസൺ അഭിപ്രായപ്പെട്ടു. DBCF കോർഡിനേറ്റർ ശ്രീമതി ബിന്ധു ഹാരിസൺ, ഗ്രൂപ്പ് അനിമേറ്റസ്, പ്രൊജക്റ്റ് സ്റ്റാഫ് എന്നിവർ ടൂർണ്ണമെന്റിന് നേതൃത്വം നൽകി. ഡോൺ ബോസ്കോ അണ്ടർ 15 സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റ് കുട്ടികളുടെ പങ്കാളിത്തത്താൽ ഉജ്ജ്വലമാക്കി, അവർക്കിടയിലെ മികച്ച കഴിവുകൾ പുറത്തെടുക്കാൻ ഇടയാക്കി. പരിപാടിയുടെ വിജയത്തിൽ FCDP പ്രവർത്തകരുടെ അർപ്പണബോധവും സംഭാവനയും വലിയ പങ്ക് വഹിച്ചിരുന്നു. സമാപന ചടങ്ങിൽ പങ്കെടുത്തവർ കുട്ടികളുടെ ആവേശവും പ്രതിഭയും ഉയർത്തിപ്പിടിച്ച ഈ ശ്രമത്തിന് അഭിനന്ദനങ്ങളും നന്ദിയും അറിയിച്ചു.





## ഡിസംബർ 23, 2024

### ക്രിസ്തുമസ് കരോൾ, ഗ്രൂപ്പ് ഡാൻസ് മത്സരവും, ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറം ക്രിസ്തുമസ് ആഘോഷവും നടത്തി

FCDP യുടെ അഭിമുഖ്യത്തിൽ ഡോൺ ബോസ്കോ ഡാൻസ് ക്ലബിന്റെ നേതൃത്വത്തിൽ, കരോൾ ഡാൻസ് മത്സരം എന്നിവ സംഘടിപ്പിച്ചു. FCDP ഹാളിൽ വെച്ച് ഉച്ചക്ക് 2 മണിക്ക് ആരംഭിച്ച മത്സരത്തിൽ 6 ഗ്രൂപ്പുകൾ പങ്കെടുത്തു. കുമാരി അഞ്ജന ജസ്റ്റസ്, ശ്രീമതി ആനി ഡിക്രൂസ് എന്നിവരായിരുന്നു പരിപാടിയുടെ വിധികർത്താക്കൾ. പരിപാടിയുടെ പ്രധാന ആകർഷണമായി മാറിയ ഡോൺ ബോസ്കോ കരോൾ ഡാൻസ് മത്സരം, യൂത്തുകളും കുട്ടികളും അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ ഒരവസരമായി. അനവധി പ്രേക്ഷകരുടെ സാന്നിദ്ധ്യത്തിൽ മനോഹരമായ മത്സരങ്ങൾ അരങ്ങേറി. മത്സരത്തിൽ പങ്കെടുത്ത എല്ലാ ഗ്രൂപ്പുകളും അവരുടെ മികച്ച പ്രകടനത്തിലൂടെ എല്ലാവരെയും ആകർഷിച്ചു. ആവേശകരമായ മത്സരത്തിൽ അന്ന & ടീം ഒന്നാം സ്ഥാനവും, അലോന ബൈജു & ടീം രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ശേഷം ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറത്തിന്റെ ക്രിസ്തുമസ് ആഘോഷപരിപാടികളും സംഘടിപ്പിച്ചു. കുട്ടികളിൽ നിന്നുള്ള പ്രതിനിധികൾ കേക്ക് മുറിച്ച് പരിപാടി ആരംഭിച്ചു. FCDP എക്സിക്യൂട്ടീവ് മാനേജർ ശ്രീമതി ഗ്രറ്റ രാജു ആശംസകൾ പങ്കുവയ്ക്കുകയും ക്രിസ്തുമസ് കാർഡ് മേക്കിങ് മത്സരം, ഫുട്ബോൾ ടൂർണമെന്റ്, കരോൾ ഡാൻസ് മത്സരം എന്നീ മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ് നിർവഹിക്കുകയും ചെയ്തു. പരിപാടി സമൂഹത്തിൽ സൗഹൃദത്തിന്റെയും മധുരസ്മരണകളുടെയും പ്രതീകമായി മാറുകയും അത് എല്ലാവരുടെയും സഹകരണത്തോടെ വിജയകരമായി നടത്തുകയുമുണ്ടായി. ഡാൻസ് ക്ലബ്ബ് അംഗം കുമാരി അഞ്ജന എബൽ പരുപാടിയിൽ പങ്കെടുത്തവർക്ക് നന്ദി അറിയിച്ചു.






## ഗ്യാലറി














DANCE CLUB









Coirfed






BEAUTICIAN COURSE



# ഉജ്ജീവനി വൃക്ക രോഗികൾക്ക് ഒരു കൈത്താങ്ങ്



**നിങ്ങൾക്ക് എങ്ങനെ ഉജ്ജീവനിയുടെ ഭാഗമാകാം?**

നിങ്ങളുടെ പരിചയത്തിലുള്ള വൃക്ക രോഗികൾക്ക് ഈ പദ്ധതി നിർദ്ദേശിക്കാം

നിങ്ങൾക്ക് സാമ്പത്തികമായി ഈ പദ്ധതിയിലേക്ക് സംഭാവന നൽകാം

ഒരു ഡയാലിസിസിന്റെ തുക 500 രൂപ

ഒരു മാസം 500*12=6000

ഒറ്റ തവണയായി എതു തുകയും സ്വീകരിക്കും

നിങ്ങളുടെ സംഭാവന ഞങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്

ആദായനികുതി നിയമം 1961 സെക്ഷൻ 80 പ്രകാരം നിങ്ങൾക്ക് നികുതി ഇളവ് നേടാൻ കിയും.

## ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം

**അക്കൗണ്ട് നമ്പർ** : 046010011001598

**IFSC:** UBIN0804606

**ബാങ്ക്** : **യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ**

**ബ്രാഞ്ച്** : **ബീച്ച് റോഡ്,കൊല്ലം**

80 G NO: AAATF0499E23KC01


**FISHERMEN COMMUNITY DEVELOPMENT PROGRAMME (FCDP) & THEERADESHA MAHILA SOCIETY (TMS)**

[Reg No.Q. 771/84, Q. 1039/95) Canal Road

0474-2750652, 6360544503, 9885240938

office@fcdpindia.com, tmsfcdpkollam@gmail.com


Follow us on




VISHAPPINU
VIDA

LET US SAY
NO TO HUNGER

## YOUR DONATIONS TO VISHAPPINU VIDA

Name: Fishermen Community Development Programme
A/c No: 046010011001598, IFSC: UBIN0804606
Address: Union Bank of India, Branch: Beach Road, Kollam.

## YOU CAN AVAIL TAX EXEMPTION UNDER SECTION 80G OF THE INCOME TAX ACT, 1961

80 G : AAATF0499EF20206, PAN NO. AAATF0499E

Fishermen Community Development Programme (FCDP)
Theeradesa Mahila Society (TMS)Canal Road, Pallithottam,
Kollam - 691 006, Kerala, India

## FISHERMEN COMMUNITY DEVELOPMENT PROGRAMME (FCDP)
## THEERADESA MAHILA SOCIETY (TMS)

0474-2750652, +91-9895754970
office@fcdpindia.com | director@fcdpindia.com
www.fcdpindia.org

Follow fcdpkollam on